Reg. No. T. 26.

"ഉദ്ധരേദാത്മനാത്മാനം"

License: No. 363. Dated 14- 8397

# നവജീവൻ

വരിസംഖ്യ } അഞ്ചലിൽ 3 രൂ. 6 ണ. തപാലിൽ 4 രൂ. 8 ണ.
പരസ്യങ്ങൾക്കു് മിതമായനിരക്കു്

പ്രതിപക്ഷപത്രിക

ഏജൻറന്മാക്കു് പ്രത്യേക നിരക്കും കൂടുതൽ കമ്മീഷനും അനുവദിക്കും

ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യനു്.

Vol. 25 | ശിവഗിരി, വക്കല. Trav, March 13th : 1945. ൧൧൨൦ കുംഭം ൩൦-ാംനു ചൊവ്വാഴ്ച | No 9.

# ഇസ്ലാമികസംസ്കാരം

I

(വി. എ. അബ്ദുൽഅസീസ്, ബി. എ., ബി. എൽ.)

മനുഷ്യന്റെ ബുദ്ധിശക്തി അനുനിമിഷം വിശ്രമരഹിതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു ദശാസന്ധിയിലാണു് നാം ജീവിക്കുന്നതു്. പുതുമയുള്ളതും പുറകോട്ടുനോക്കിയാൽ മാർഗ്ഗദർശനം ലഭിക്കാത്തതുമായ നിരവധി പുതിയ പ്രശ്നങ്ങളാണു് പരിഹാരമന്വേഷിച്ചു് നമ്മുടെ മുമ്പിൽ നിരന്നുനില്ക്കുന്നതു്. ഇന്നുവരെ നമ്മുടെ നേർക്കു് നോക്കിയിട്ടില്ലാത്ത വ്യത്യസ്ഥവീക്ഷണകോണങ്ങളിൽനിന്നുകൊണ്ടാണു് ആ പ്രശ്നസമൂഹം നമ്മുടെ നേർക്കു് കണ്ണുറിക്കുന്നതു്. എല്ലായിടത്തും മനുഷ്യസമുദായം സമൂലപരിവർത്തനം ആകാംക്ഷിച്ചു് കുതികൊള്ളുന്നു. ഓരോ സ്ഥലത്തും പരിവർത്തനം സംഭവിക്കുന്ന വേഗതക്കു് വ്യത്യാസമുണ്ടെന്നല്ലാതെ അല്പവും അറച്ചുനില്ക്കാതെ അതു് മുമ്പോട്ടുപോകുകയാണു്. പഴയ ആശയങ്ങൾക്കും, വിശ്വാസങ്ങൾക്കും, ആചാരങ്ങൾക്കും അതിശക്തമായ പ്രഹരം ഏല്ക്കുന്നു. ഈ അഭിവൃദ്ധി അഥവാ ഈ പോക്കു് എങ്ങോട്ടേക്കാണു്! എത്രത്തോളം ആഴത്തിലേക്കാണു് അതു് കടന്നു ചെല്ലുന്നതു്!

മനുഷ്യ സംസ്കാരവും പരിഷ്കാരവും എല്ലാം മനുഷ്യനെപ്പോലെ ജീവനുള്ള ശക്തികളാണെന്നു ചരിത്രം പഠിപ്പിക്കുന്നു. അവയും നശ്വരനായ മനുഷ്യനെപ്പോലെതന്നെ വിവിധനിലകളിൽക്കൂടി കടന്നുപോയി അവസാനം മരിക്കണം! ജനനം, ബാല്യം യൗവനം, വാർദ്ധക്യം, എന്നീ ദശകൾ കടന്നു് അവസാനം ഉച്ഛ്വാസം വലിച്ചു് അന്തർദ്ധാനം ചെയ്യണം. പുതുതായി ആവിർഭവിക്കുന്ന ഇതര സംസ്കാരങ്ങൾക്കു് അവ ഇടം നൽകണം.

ഇസ്ലാമികസംസ്കാരത്തിന്റെ നിലയും ഇതു തന്നെയാണോ? ചുറ്റുപാടും ഇരമ്പിമറിയുന്ന പരിഷ്കാരപ്രവാഹത്തിന്റെ ശക്തി തടഞ്ഞുനിറുത്തുവാനുള്ള കരുത്തു് ഇന്നത്തെ മുസ്ലിംസമുദായത്തിനില്ല. പാശ്ചാത്യപരിഷ്കാരത്തിന്റെ വെടിയുണ്ട ഏററ ഇസ്ലാമിക സൗധത്തിന്റെ ഓരോഭാഗവും കറേശ്ശയായി ഇടിഞ്ഞു് വീഴുന്ന മർമ്മഭേദകമായ രംഗമാണു് നാം കാണുന്നതു. ആ പ്രവാഹത്തിനു് എതിരെ നീന്തിക്കേറുവാനുള്ള ശ്രമത്തിൽ ഇസ്ലാമികജീവിതം താണും പൊങ്ങിയും ശ്വാസംമുട്ടുകയാണു്. അതിന്റെ ഗതിക്കു് അനുസരിച്ചു് കിടന്നു കൊടുത്താൽ ആ പ്രവാഹം ഏതൊരു മഹാർണ്ണവത്തിലാണു് നമ്മെ കൊണ്ടുചെന്നു് മുക്കിക്കൊല്ലുവാൻപോകുന്നതു് എന്നു് യാതൊരു നിശ്ചയവുമില്ല.

എന്തായാലും അങ്ങനെ കിടന്നുകൊടുക്കാൻ ഒരുങ്ങുന്നതിനു മുമ്പു്, ഇസ്ലാമിനു് എന്താണു് സംഭവിച്ചതു്, മുൻസൂചിപ്പിച്ച ന്യായം അനുസരിച്ചു അതും ഒരു പൊലിഞ്ഞ ദീപമായിക്കഴിഞ്ഞുവോ, അതിനു് സംഭാവനചെയ്യാൻ കഴിയുന്നതെല്ലാം ലോകത്തിനു് നൽകിയ ശേഷവും ആവശ്യമില്ലാതെ അതിജീവിക്കുവാൻ ആഗ്രഹിക്കുന്ന ഒരു സംസ്കാരമാണോ ഇസ്ലാമിനുള്ളതു് എന്നൊക്കെ ഒന്നു് ചിന്തിക്കാതെ അനിശ്ചിതമായ ഒരു ജീവിതരീതി സ്വീകരിക്കാൻ ഒരുങ്ങുന്നതു് മൗഢ്യമായിരിക്കും.

ഇസ്ലാമിക സംസ്കാരത്തിനും അത്യുന്നതമായ അഭിവൃദ്ധിയും പ്രാഭവകാലങ്ങളും ഉണ്ടായിരുന്നു. മനുഷ്യനെക്കൊണ്ടു് പ്രവർത്തിപ്പിക്കുന്നതിനും ത്യാഗം ചെയ്യിക്കുന്നതിനും അതിനു് ശക്തിഉണ്ടായിരുന്നു. അനവധി മനുഷ്യവർഗ്ഗങ്ങളെ അതു സമുദ്ധരിക്കുകയും, സാമ്രാജ്യങ്ങൾ സ്ഥാപിക്കുകയും ചെയ്തു. എന്നാൽ ഇന്നു് അതു് വെറും പൊള്ളയായ ഒരു ശബ്ദമാണു്. അതിന്റെ പ്രബോധനങ്ങൾക്കു് നൽകുവാൻ കഴിവുള്ള മോഹനസാഹചര്യങ്ങളിൽ നിന്നു് ഇന്നത്തെ മുസ്ലിമിന്റെ ജീവിതം വളരെ ദൂരെയാണു്. അതിന്റെ ഉൽക്കർഷവും പ്രവർത്തനശക്തിയും ഇന്നു് അപകർഷവും അലസതയുമായി മാറിപ്പോയിരിക്കുന്നു. ഒരു കാലത്തു് ഇസ്ലാമിന്റേതായിരുന്ന മഹാമനസ്കതയും ത്യാഗസന്നദ്ധതയും, ഇന്നത്തെ മുസ്ലിങ്ങളിൽ ഹ്രസ്വവീക്ഷണവും സുഖജീവിതമോഹവുമായിത്തീർന്നു. അന്നും ഇന്നുമുള്ള നിലയിൽ ഇപ്രകാരം സംഭ്രമകരമായികാണുന്ന പരസ്പരവൈരുദ്ധ്യത്തിൽക്കൂടി ജീവിതപ്രശ്നത്തെ വളരെ അടുത്തു് നിന്നു് ഒന്നു് പരിശോധിച്ചാൽ ഒരു സംഗതിസ്പഷ്ടമായി

കാണാം. ഇസ്ലാം അവിടെത്തന്നെയുണ്ടു്. പക്ഷെ ആത്മാവില്ലാത്ത നഗ്നശരീരമായി അതു് നില്ക്കുന്നു. ഇസ്ലാമികലോകത്തിന്റെ അഭംഗുരമായ പ്രതിഷ്ഠാപനത്തിനു് നിദാനമായ മൗലിക സിദ്ധാന്തം എന്നു് നാം ഉപേക്ഷിച്ചുവോ അന്നു തൊട്ടു് അതു് അധഃപതിക്കുവാൻ തുടങ്ങി. ഇസ്ലാമികജീവിതസൗധം കെട്ടിപ്പൊക്കിയിരിക്കുന്നതു് മതതത്വങ്ങളിന്മേലാണു്. അടിസ്ഥാനം ദുർബലമാക്കിയപ്പോൾ അതിനു് ഉലവുതട്ടി ഒരു പക്ഷെ അതു് നിലംപററാനുംസംഗതിയായേക്കാം. ഇന്നത്തെ പരിതഃസ്ഥിതിയിൽ മുങ്ങിത്താണു കൊണ്ടിരിക്കുന്ന ഒരു നൗകയോടു് ഇസ്ലാമിനെ ഉപമിക്കാം.

ഇതര നാഗരികതകളുടെകൂട്ടത്തിൽ ഇസ്ലാമും വെറുംഒരു നാഗരികതയല്ലെന്നും, മനുഷ്യചിന്തയുടെയും, യത്നങ്ങളുടെയും മാത്രം ഒരു ഫലമല്ല അതെന്നും, എല്ലാക്കാലത്തും എല്ലാസ്ഥലത്തും മനുഷ്യരാശിയെ ഒരു പോലെവഴികാട്ടുവാൻജഗന്നിയന്താവിനാൽ അനുശാസിക്കപ്പെട്ടിട്ടുള്ള ഒരു ജീവിത സിദ്ധാന്തസംഹിതയാണ് അതിനുള്ളതെന്നും നാം വിശ്വസിക്കുന്ന പക്ഷം ഇസ്ലാമിന്റെ അധഃപതനമായി ഇന്നു നാം കാണുന്നതു് ആ ദിവ്യമായ ആഹ്വാനം ചെവിക്കൊള്ളുന്നതിനു് നാം കാട്ടിയ അലസതയും അശ്രദ്ധയും മൂലം നമ്മുടെ ഹൃദയങ്ങൾക്കുണ്ടായിട്ടുള്ള അധഃപതനമാണെന്നു് ബോദ്ധ്യപ്പെടും.

ഇസ്ലാമിക സിദ്ധാന്തങ്ങൾ എത്രത്തോളം വ്യക്തവും എത്രയേറെ പ്രായോഗികവുമാണെന്നു് കൂടുതൽകൂടുതൽ ചിന്തിക്കുന്തോറും മുസ്ലിങ്ങൾ എന്തുകൊണ്ടു് അവയെ ജീവിതചര്യയിൽ പകർത്തുന്നില്ലെന്നുള്ള ചോദ്യം കൂടുതൽ സ്പഷ്ടമായി ഉയരുന്നു. പരിപൂർണ്ണമായ ഒരു ജീവിതകലശില്പമാണു് ഇസ്ലാം നിർമ്മിച്ചിട്ടുള്ളതു്. അതിന്റെഓരോ ഭാഗവും മററുള്ളതുമായി ഭംഗിയായി ഇണങ്ങിച്ചേരത്തക്കവണ്ണം വിചിത്രമായ മനോധർമ്മം പ്രയോഗിച്ചു് പണിതുവച്ചിട്ടുള്ളതാണു്. എന്തെങ്കിലും അനാവശ്യമായിട്ടുള്ളതായി ഒന്നോ അഥവാ എന്തെങ്കിലും വൈകല്യം ഏതെങ്കിലും ഭാഗത്തുണ്ടെന്നോ എത്ര പരിശോധിച്ചാലും കാണുവാൻ സാധിക്കയില്ല. ഏതൊരു ചിന്തകനെയും ഹഠാദാകർഷിക്കുന്നതു് അതിന്റെ നിസർഗ്ഗസുന്ദരമായ പൂർണ്ണതയാണു്. കവർച്ച നടത്താൻ ഗൃഹത്തിനുള്ളിൽ പ്രവേശിക്കുന്ന തസ്കരൻ അവിടത്തന്നെ താമസം ഉറപ്പിക്കുന്ന രീതിയിലത്രെ ഇസ്ലാമികസിദ്ധാന്തങ്ങൾ മനുഷ്യ ഹൃദയങ്ങളിൽ കടന്നു കഴിഞ്ഞാൽ ആവാസ മുറപ്പിക്കുന്നതു്.

മനുഷ്യ സമുദായത്തിന്റെ ഇന്നത്തെ വളർച്ചയുമായി താരതമ്യപ്പെടുത്തിയാൽ ഇസ്ലാമിനെ അതിലംഘിച്ചു് അതു് വളർന്നതായി കാണുവാൻ സാധിക്കുന്നപക്ഷം ഇസ്ലാമിക സംസ്കാരം ഉപേക്ഷിക്കുവാൻ നാം തയാറാകണം. അല്ലെങ്കിൽ അതിലേക്കു് മടങ്ങിപ്പോകുവാൻ നാം നിർബന്ധിതരുമാണു്. ആ താരതമ്യ വിവേചനത്തിൽ പ്രകൃത്യാ ഉത്ഭവിക്കുന്ന ഏതാനും ചോദ്യങ്ങൾക്കു് നൽകുവാൻ കഴിയുന്ന മറുപടിയനുസരിച്ചാണു്. വിധി കല്പിക്കേണ്ടതു്. ഇസ്ലാമിന്റെമതവിശ്വാസ പദ്ധതിയെക്കാൾമെച്ചമായ ഒരു പദ്ധതി ഇന്നത്തെ പുതിയ സംസ്കാരം അല്ലാ-പരിഷ്കാരം സൃഷ്ടിച്ചിട്ടുണ്ടോ? സാർവ്വലൗകികാധിഷ്ഠാനത്തിൽ-ഏററവും വിശിഷ്ടമായ നാഷണൽ അർത്ഥത്തിൽ— പ്രായോഗികപുഷ്ടിയോടുകൂടി നില്ക്കുന്ന ഇസ്ലാമിക സാഹോദര്യത്തെക്കാൾ കൂടുതൽ ഉറപ്പുള്ള അടിത്തറകെട്ടി മനുഷ്യസാഹോദര്യം നിലനിറുത്തുവാനുള്ള പരിപാടി എന്തെങ്കിലും അതിനുണ്ടോ? ഇസ്ലാമിക സാമുദായിക ഘടനയെപ്പോലെ വ്യക്തിയുടെ അധികാര സ്വാതന്ത്ര്യങ്ങൾക്കു് പൂർണ്ണവികാസം അനുവദിക്കുകയും അതേസമയം തന്നെ വ്യക്തിയും വ്യക്തിയും തമ്മിലുള്ള താല്പര്യവൈരുദ്ധ്യം മൂലം ഉണ്ടാകുന്ന സംഘട്ടനത്തെ ഇല്ലാതാക്കി കുറച്ചു് പൊതു സമാധാനം നിലനിറുത്താൻ പര്യാപ്തമായ മററതെങ്കിലും സാമൂഹ്യഘടന നിർദ്ദേശിക്കുവാൻ അതിനു് സാധിക്കുമോ? മനുഷ്യമഹത്വത്തെ വളർത്താൻ ഇസ്ലാമിനുള്ളതിനേക്കാൾ കൂടുതൽ കഴിവ് അതിനുണ്ടോ? സുരക്ഷിതമായ സാമുദായിക വ്യക്തിത്വവും ആത്മികമായ വിശ്വാസവും സർവ്വോപരി സുഖജീവിതവും ലഭിക്കുമെന്ന പ്രതീക്ഷ ഇസ്ലാം നൽകുന്നതിനെക്കാൾ കൂടുതലായി അതിനു നൽകുവാൻ സാധിക്കുമോ

ഈ കാര്യങ്ങളിലൊന്നിലും മനുഷ്യന്റെ ആധുനിക നേട്ടങ്ങൾക്കു് ഒന്നും ഇസ്ലാമി[illegible] പരിപാടിയോടു് അടുത്തുനില്ക്കുവാൻ കഴിയുകയില്ലെന്നു് നിഷ്പക്ഷ ബുദ്ധികൾ സമ്മതിക്കുകതന്നെ ചെയ്യും. ആ നിലക്കു് ഇസ്ലാമിക സംസ്കാരം പ്രവർത്തിച്ചടങ്ങിയ ഒരു ശക്തിയാണെന്നും അതിനു ഇന്നു് ഒരു പ്രസക്തിയും ഇല്ലെന്നും പറയുവാൻ എങ്ങിനെ സാധിക്കും? സമുദായത്തിന്റെ മതപരമായ അടിസ്ഥാനം ഇന്നത്തെ പരിഷ്കാരത്തിനു് യോജിക്കാത്തതുകൊണ്ടും, ഇസ്ലാമിന്റെ അടിസ്ഥാനം മതം ആയിരിക്കുന്നതുകൊണ്ടും ആണോ ഇങ്ങിനെ വിമർശിക്കപ്പെടുന്നതു്? എന്നാൽ ബുദ്ധിയുടെ പ്രവർത്തനംകൊണ്ടു കണ്ടുപിടിച്ചിട്ടുള്ള എല്ലാ പരിഷ്കാരങ്ങളേയും നിർദ്ദേശങ്ങളെയും കാൾ കൂടുതൽ ഉറപ്പു് സമുദായത്തിനു് നൽകാൻ മതത്തിനു് കഴിവുണ്ടെങ്കിൽ മതപരമായ അടിസ്ഥാനത്തിൽ സംസ്ഥാപിതമാകുന്ന ഒരു സാമുദായികനിയമത്തെ എങ്ങിനെ കുററപ്പെടുത്തുവാൻ സാധിക്കും.

മനുഷ്യജീവിതത്തിന്റെ പരമോദ്ദേശ്യത്തെ നിർവചിക്കുന്ന ഒരു ആദർശസംഹിത എല്ലാപ്രധാന മതങ്ങൾക്കുമുണ്ടു്. അതു് ഇസ്ലാമിനുമുണ്ടു്, പക്ഷെ കേവലം ആദർശപരമായ ഒരു വ്യാഖ്യാനം കൊണ്ടു് ഇസ്ലാം തൃപ്തിപ്പെടുന്നില്ല. ആദർശവും പ്രവൃത്തിയും അഭേദ്യമാം വിധം കൂട്ടിച്ചേർത്തു് സാധാരണ മനുഷ്യനു് അംഗീകരിച്ചു് ജീവിക്കുവാൻ സാധിക്കുന്ന ഒരു പ്രായോഗിക പരിപാടി സൃഷ്ടിക്കുവാനാണു് ഇസ്ലാം ശ്രമിച്ചതു്. ജീവിതത്തിന്റെ പരമലക്ഷ്യത്തിൽ എത്തിച്ചേരാനായി ലൗകികജീവിതരംഗം ഉപേക്ഷിച്ചു പോകാൻ ഇസ്ലാം അതിന്റെ അനുയായികളെ അനുവദിക്കയില്ല. രാഷ്ട്രീയമായാലും സാമുദായികമായാലും, സാമ്പത്തികമായാലും എല്ലാകാര്യങ്ങളിലും സജീവമായി പ്രവർത്തിക്കുന്ന മതത്തിന്റെ ആത്മാവു്, [illegible]കി കൊണ്ടല്ലാതെ പ്രവർത്തിക്കുവാൻ ഒരു മുസ്ലിമിനു് സാധ്യമല്ല. ആ വിധംഗങ്ങളിൽനിന്നു് മതത്തെ മാററിനിർത്തണമെന്നുള്ള ആധുനിക ചിന്താഗതി അപകടം നിറഞ്ഞതാകയാൽ അതു സ്വീകരിക്കുവാൻ ഇസ്ലാമിനു് നിവൃത്തിയില്ല. പാലിൽനിന്നു് വെണ്ണ വേർപെടുത്തുന്നമാതിരി മതത്തെ ജീവിതവ്യാപാരങ്ങളിൽനി

# നബിജയന്തി

—o—

കെ. കെ. രാഘവപ്പണിക്കർ.

(മകക)

ഏതൊരുമഹാത്മാവിൻ പാദസംസ്പർശത്താലീ–
ബ്ഭൂതലം പരിപൂതകേദാര വിഹാരമായ്?
ഏതൊരുപുണ്യാത്മാവിൻ പാവനപദരേണു–
ലാത മിജ്ജഗന്മുഖം തുടച്ചു ശുദ്ധമാക്കി?
അമ്മഹാ നബിദേവൻ തൻജനി കൊണ്ടുതാനെ
നിർമ്മലച്ഛവിപൂണ്ടു നിസ്തുലമെന്നേക്കമായ്
ഭാസിച്ചു ഭരമ്യമായ്ത്തീർന്നോരിമ്മഹനീയ
വാസരവൈശേഷികം വദിപ്പാനൊളുതാമോ?

അപ്പെരും പതിമൂന്നുമുഴുമാം നൂററാണ്ടുകൾ–
ക്കപ്പുറം ജനാവലി പ്രാകൃതസ്ഥിതിയിൽതാൻ
അന്യോന്യം കലഹിച്ചു ധർമ്മമിന്നതെന്നോരാ–
തന്യായം പ്രവർത്തിച്ചു വർത്തിച്ചു കാലത്തിങ്കൽ,
മന്നിന്നു വിളക്കായിമിന്നിടും "മെക്ക"യെന്നൊരു
കുന്നുതന്നടിവാരത്തെത്രയു മെളിമയിൽ
ഉന്നമ്രശിരസ്സാൽ തൻ വിനയം വെളിവാക്കി–
നിന്ന പാഴ്പ്പുൽമാടത്തിന്നന്തരംഗ പരിധിയിൽ,
വിണ്ണെഴും വിവക്തതതന്നിൽ വെൺമതിപോലെ–
യർണ്ണവത്തിരക്കൂത്തിൽ നൽത്തുരുത്തെന്നപോലെ
മേദിനീരക്ഷാർത്ഥം വന്നണഞ്ഞ ഭഗവാന്റെ
പാദചാരിതപംകൊണ്ടേ നിവൃത്തികൊള്ളൂ ലോകം!

സാർവ്വലൗകികക്ഷേമനിർവ്വഹണാർത്ഥം ദേവൻ
സർവ്വസാഹോദര്യത്തെ വഴിഞ്ഞു നാലുപാടും;
നിർവ്വിഘ്നമതിൻപൊരുൾ പ്രാക്തനപ്രയുക്തമാം
സർവ്വസമ്മതങ്ങൾക്കും താങ്ങലായ് നിലകൊൾവൂ!
പണിക്കാരേലും വേർപ്പിന്നണിമുത്തുകളെല്ലാ–
മുണങ്ങും മുമ്പേതന്നെ കൂലിനൽകുകയെന്നും,
'കാരസ്കാ'ച്ചീന്തുകൊണ്ടും കാലുഷ്യം കലരാതുൾ–
ക്കരണം തെളിഞ്ഞെന്നും ധർമ്മത്തെച്ചെയ്കിടെന്നും,
വിധിക്കു വിരോധമായ് നേർച്ചചെയ്യാരും പുണ്യം
നിധനംചെയ്യൊല്ലെന്നും മററുമിലോകത്തിന്റെ
അല്ലലാററുവാനുററ സൂക്തിമൗക്തികമുന്ന
'അല്ലാ'ഹിൻ പുരുഷ്ടതയാമമേ! വെൽകെന്നുംനീ.
കററുഴററേഴും ജീവകാരുണ്യംകൊണ്ടും, മാട്ടിൻ–
പററത്തെ പലകാലം തെളിച്ചു നബിദേവൻ;
ആട്ടിലും, പ്രഭാവനാം രാട്ടിലും സമതാപമേ
കാട്ടിടു മഹാത്മാക്കൾ—ആദർശസ്വരൂപികൾ!
നാട്ടിന്നു നവോന്മേഷം വളർത്തി വൈജയന്തി
നാട്ടിയ തത്താദൃശസിദ്ധിയോഗത്തിൽ, സർവ്വ
രാഷ്ട്രവും തലയൊന്നു ചായ്ക്കുവാൻ വെമ്പും കാഴ്ച
ദൃഷ്ടമാവതിലല്ലോ പൌരുഷം കൊള്ളേണ്ടു നാം!
ഈദൃശമഹാദർശമൂർത്തിയെ പ്രസവിച്ച
മേദുരാഭമായ്ത്തീർന്ന വാസരവിശേഷമേ!
മോദിക്ക; ത്വദീയസംസ്മരണാദരം പേറി
രാജിക്കയെന്നെന്നും നീ ജഗത്തിൻ വിളക്കായി!


## ജീവിതോൽസവം

(ഗ്രന്ഥകർത്താ—എം. പി. അപ്പൻ, എം. എ., എൽ. ടി.)

രസികജനങ്ങളുടെ നിത്യസഖാവും, പാരസികകവീന്ദ്രനായ ഉമർ ഖയ്യാമിന്റെ കാവ്യതല്ലജവും ആയ റുബായിയാത്തിന്റെ അതിലളിതമായ തർജ്ജമ. രാജശ്രീ ഏ. എൻ. തമ്പി അവർകളുടെ, ആമുഖവും ശ്രീമാൻ വെള്ളക്കുളത്തിന്റെ അവതാരികയും വ്യാഖ്യാനവും അടങ്ങിയിട്ടുള്ള ഈ ഗ്രന്ഥത്തിൽ മൂലകൃതിയും (ഇംഗ്ലീഷ്) ചേർത്തിട്ടുണ്ട്. അതിമനോഹരമായ കെട്ടും മട്ടും, നൂററിനാല്പതു പുറങ്ങൾ.

വില ഒന്നരരൂപാ.

ആവശ്യപ്പെടുക:—റെഡ്യാർപ്രസ്സ്, തിരുവനന്തപുരം or
പീപ്പിൾസ് ബുക്ക്സ്റ്റാൾ, തിരുവനന്തപുരം or
ശ്രീവിലാസ് പ്രസ്സ്, തിരുവനന്തപുരം.


## വിജ്ഞാനവീഥി

യാതൊരു പ്രവൃത്തിയിലും ഏർപ്പെടാത്തവൻ, ലോകത്തിൽ ഒരു തെററും ചെയ്യുന്നില്ല.

x x x x

ഒരു ശത്രുവിനോട് ഉപകാരം ചെയ്യുവാൻ യാചിക്കുക; നിങ്ങൾക്ക് ഒരു മിത്രത്തെ സമ്പാദിക്കുവാൻ സാധിക്കും. ഒരു മിത്രത്തോട് ഉപകാരത്തിനു ഇരക്കുക; നിങ്ങൾക്ക് ഒരു ശത്രുവിനെ സമ്പാദിക്കുവാൻ സാധിക്കും.

x x x x

ഒരു വിഡ്ഢിയെ തിരിച്ചറിയാനുള്ള ലക്ഷണങ്ങൾ നാലു്; കാരണമില്ലാത്ത കോപം, ഫലമില്ലാത്ത സംസാരം, ഉദ്ദേശമില്ലാത്ത മാററം, ആവശ്യമില്ലാത്ത ചോദ്യം.

x x x x

ഒരു സ്നേഹിതനെ സമ്പാദിക്കുവാനുള്ള ഏററവും നല്ല മാർഗ്ഗം, നിങ്ങൾ ഒരു സ്നേഹിതനായിത്തീരുകയാണ്.

x x x x

ഒരു വാക്കിനു ഒരു രൂപാ വിലയാണെങ്കിൽ, ഒരു മൗനത്തിനു രണ്ടുരൂപാ വിലയാണ്.

x x x x

ഒരു അരിശത്തിന് കിണററിൽ ചാടുന്നവൻ, ഏഴരിശത്തിന് കരകേറാൻ നിവൃത്തിയില്ലാതെ കുഴയുന്നു.

x x x x

ഒരു ദുഷ്ടന്റെ മനഃസാക്ഷി എപ്പോഴും ഭയചകിതവും ചഞ്ചലിതവുമായിരിക്കും.

ഒരു പൈതലിനോട് ആവശ്യത്തിലധികം ജ്ഞാനോപദേശം ചെയ്യേണ്ട കാര്യമില്ല. 'കുടത്തിൽ കൊൾവതേ കൊൾവൂ കുളത്തിൽ തന്നെ മുക്കിലും'

x x x x

ഒരാളുടെ മനഃസ്ഥിതിയെ ആശ്രയിച്ചാണ് അയാളുടെ ആശയങ്ങളും നിലകൊള്ളുന്നതു്; അയാൾ തലകുത്തിനിന്നാൽ പുറമേയുള്ള വസ്തുക്കളും കീഴ്മേൽ മറിഞ്ഞതായി അയാൾക്ക് ദൃശ്യപ്പെടും.

x x x x

ഒരാൾ മററുള്ളവരോട് മര്യാദയ്ക്ക് പെരുമാറേണ്ടതു് അവർ മര്യാദക്കാരാണെന്നു നോക്കിയല്ല; തനിക്ക് മര്യാദക്കാരനാകണമോ, എന്നാണ് നോക്കേണ്ടതു്.

# ഹക്സ്‌ലിയുടെ മാനസാന്തരം

## യുക്തിവാദികൾക്കു് ഒരു പാഠം

[എം. എസ്. മണി]

ഒരു തികഞ്ഞ നിരീശ്വരവാദിയും തീവ്രഭൗതികവാദിയും ആയിരുന്ന ആൽഡസ് ഹക്സ്‌ലി ഇപ്പോൾ തത്വശാസ്ത്രത്തിൽ പരമമായ വിശ്വാസം പ്രത്യക്ഷമാക്കിയിരിക്കുന്ന പരമാർത്ഥം നമ്മുടെ യുക്തിവാദികളായ സഹോദരന്മാർക്കു് ഒരു പാഠമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ഏതാനും വർഷം മുൻപു് Proper Studies എന്ന തന്റെ കൃതിയിൽ ആൽഡസ് ഹക്സ്‌ലി ഇപ്രകാരം എഴുതിയിരിക്കുന്നു "എന്റെ നില നിർവചിക്കേണ്ടിവന്നാൽ ഞാനു് സാമാന്യം ഒരു അതിബുദ്ധിമാനായിരുന്നുവെന്നു പറയും. ആന്തരികജീവിതത്തിന്റെ ഭൗതികമായ അർത്ഥം ഞാൻ മനസ്സിലാക്കുന്നു."

എന്നാൽ [illegible]-ൽ അദ്ദേഹം തന്റെ വിശ്വാസത്തിന്റെ പശ്ചാത്തലത്തെ നിർവർണ്ണനം ചെയ്യുന്നതു് ഇപ്രകാരമാണു്:—

"ദൈവം എന്നൊരവസ്ഥയുണ്ടു്. മൂലബ്രഹ്മം—ശൂന്യതയുടെ തെളിവുപ്രകാരം. എല്ലാ അവഭാസങ്ങളുടേയും അപ്രത്യക്ഷമായ തത്വം അതത്രേ. മൂലം സർവ്വാതിശായിയും അതേ അവസരത്തിൽ സർവ്വാന്തര്യാമിയുമാകുന്നു. മനുഷ്യർക്കു പരസ്പരം സ്നേഹിക്കുവാനും, അറിയുവാനും മൂലതത്വമായി മിക്കവാറും എന്ന നിലയിൽ നിന്നു് വാസ്തവികമായ നിലയിൽ തന്നെ സാത്മ്യം പ്രാപിക്കാനും കഴിയും. ദൈവം എന്ന അവസ്ഥയെക്കുറിച്ചു് തുരീയമായ ഐകപരമാത്മജ്ഞാനം നേടുകയാകുന്നു മനുഷ്യജീവിതത്തിന്റെ സർവ്വതോമുഖമായ ലക്ഷ്യവും ഉദ്ദേശവും."

ഹക്സ്‌ലിയുടെ, മേൽകാണിച്ച പ്രകാരമുള്ള, മാനസാന്തരം ഹൈന്ദവ തത്വങ്ങളുടെ പഠനവും പ്രചോദനവും മൂലം സംഭവിച്ചിട്ടുള്ളതാണെന്നു് സ്പഷ്ടമാണല്ലോ. വേദാന്തപരമായി നോക്കുമ്പോൾ ഹക്സ്‌ലിയുടെ നിരീക്ഷണം തികച്ചും നിരാക്ഷേപമെന്നു പറയുവാൻ നിർവാഹമില്ലെങ്കിലും ഭൗതികത്വത്തിന്റെ ശുഷ്കതയെ നിശ്ശേഷം പരിത്യജിച്ചു് ആധ്യാത്മികത്വത്തിന്റെ ഗഹനതയിലേക്കു് അതുനിന്നിമേഷമായിരിക്കുന്നതു് ഒരു ശുഭലക്ഷണമാകുന്നു.

ആൽഡസ് ഹക്സ്‌ലിയുടെ സങ്കലമായ വ്യക്തിത്വം അദ്ദേഹത്തിന്റെ ശാസ്ത്രീയമായ മനോവ്യാപാരം, വ്യക്തവും ഉജ്ജ്വലവും ആയ അദ്ദേഹത്തിന്റെ ഗദ്യരീതി, ഇവയെല്ലാം പരമ്പരാഗതമായ സ്വഭാവ വിശേഷങ്ങളുടേയും പ്രാഗൽഭ്യത്തിന്റേയും ദൃഷ്ടാന്തങ്ങളായി പരിഗണിക്കാവുന്നതാകുന്നു. എന്തെന്നാൽ 19-ാംനൂററാണ്ടിലെ ഏററവും മികച്ച പ്രതിഭാശാലികളിൽ ചിലർ അദ്ദേഹത്തിന്റെ പൂർവ്വികന്മാരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു.

ലിയോണാർഡ് ഹക്സ്‌ലിയുടേയും, ജൂലിയാ ആർനോൾഡിന്റേയും തൃതീയ പുത്രനായി 1894 ജൂലൈ 26-ാംനു-യാണു് അദ്ദേഹം ഭൂജാതനായതു്. ഡാർവിൻസിദ്ധാന്തത്തെ മററാരേയും കാൾ കൂടുതലായി ജനസാമാന്യത്തിനു മനസ്സിലാക്കിക്കൊടുത്ത തോമസ് ഹെൻറി ഹക്സ്‌ലിയുടെ പൗത്രനാണു്. ആൽഡസ് ഹക്സ്‌ലി 'സൗരഭനും രാഷ്ടനും' എന്ന കാവ്യതല്ലജത്തിന്റേയും സംസ്കാരത്തേയും അരാജകത്വത്തേയും കുറിച്ചുള്ള മററു് അനേകം സരസ കവിതകളുടെയും, സാഹിത്യ വിമർശനപരമായ അസംഖ്യം ലേഖനങ്ങളുടേയും കർത്താവായ മാത്യു ആർനോൾഡിന്റെ ഭാഗിനേയിയാണു് ആൽഡസ് ഹക്സ്‌ലിയുടെ മാതാവ്. പ്രസിദ്ധനായ പള്ളിവികാരിയും, ഇംഗ്ലീഷ് പൊതുവിദ്യാലയ വ്യവസ്ഥയിൽ പല മാററങ്ങളും സ്വകീയമായ ഗാത്രുകയാൽ പ്രോജ്വലിപ്പിച്ചമഹാനും, റഗ്ബിസ്കൂളിലെ വിഖ്യാതനായ പ്രഥമാധ്യാപകനും ആയിരുന്ന തോമസ് ആർനോൾഡിന്റെ പൗത്രിയാണു് ജൂലിയാ ആർനോൾഡ് എന്നുള്ളതും പ്രസ്താവയോഗ്യമാകുന്നു.

ഇപ്രകാരം പൈതൃകമായി ലഭിച്ച സാഹിത്യത്തിന്റേയും ഭൗതിക ശാസ്ത്രത്തിന്റേയും അത്യുൽകൃഷ്ടമായ സിദ്ധികളാൽ ജനനാൽ തന്നെ അനുഗൃഹീതനായ ഹക്സ്‌ലി ഭാരതീയ ആധ്യാത്മികജ്ഞാനത്തിന്റെ ആകർഷണങ്ങൾക്കു് വിധേയനായി ദൈവം എന്നൊരവസ്ഥയുണ്ടെന്നു് മുക്തകണ്ഠം സമ്മതിച്ചിട്ടുള്ള വസ്തുത ഓർക്കുമ്പോൾ പാശ്ചാത്യ ഭൗതികവിജ്ഞാനത്തിന്റെ നേർക്കു് ശരം തൊടുക്കുകയല്ലേ അദ്ദേഹം ചെയ്യുന്നതെന്നു തോന്നിപ്പോകുന്നു. നമ്മുടെ ഇടയ്ക്കുള്ള യുക്തിവാദികൾ ഈ വസ്തുത ഗ്രഹിച്ചുവെങ്കിൽ നന്നായിരുന്നു. ദൈവമില്ല, മോക്ഷമില്ല, സ്വർഗ്ഗമില്ല, നരകമില്ല എന്നും മററുമുള്ള പല്ലവി മാത്രമേ ഈയിടെ അവശേഷിച്ചു കാണുന്നുള്ളു. അനുകമ്പാർഹമായ ആ നിലയ്ക്കും അചിരേണ അന്തരമുണ്ടാകുമെന്നു് സംശയിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ ഇങ്ങനെയൊക്കെ പ്പറയാൻ തക്കവണ്ണം അവരെ ധൈര്യപ്പെടുത്തിയ പാശ്ചാത്യ ഭൗതിക വിജ്ഞാനത്തിനു് പാശ്ചാത്യ രാജ്യങ്ങളിൽ പോലും രക്ഷയില്ലെന്നാണിരിക്കുന്നതു്. പക്ഷേ അവിടെയുള്ളവർ പാട്ടു് അവസാനിപ്പിച്ചിട്ടും, ഇവിടെയുള്ളവർ കൊട്ടു് അവസാനിപ്പിക്കുന്നില്ല. അതിലാണു് വിശേഷം!


## ഗോൾഡ്—ഇൻ—വിററാ

രക്തമില്ലാതെ വിളറിശുഷ്കമായ ശരീരത്തിൽ ധാരാളം രക്തത്തെ ഉളവാക്കി ജീവിതചൈതന്യത്തെ വളരെക്കാലം നിലനിറുത്തുന്നതിനു ഏററവും പററിയ ഒരു ടോണിക്ക്. പ്രസവശേഷം സ്ത്രീകൾക്കത്യുത്തമം.

എല്ലാ പ്രധാന മരുന്നുഷാപ്പിലും കിട്ടും.

നിർമ്മാതാക്കൾ എസ്സ്. വി. ആർ. ഏ ഫാർമസി (Regd) ആലപ്പുഴ.

# ശ്രീനാരായണധർമ്മം

(തുടർച്ച)

അഥ: ബ്രഹ്മചര്യം:—

ശിഷ്യാ ഊചുഃ—
ആശ്രമാണാം തു സാമാന്യ
സ്വരൂപം ഭവതാ ക്രമാത്
ഉപദിഷ്ടം നിശമ്യൈവ
സന്തുഷ്ടാഃ സ്മോ യതീശ്വര. ൧൰൧

തഥാപി തേഷാം പ്രത്യേകം
വിശേഷാനപി തത്വതഃ,
ശുശ്രൂഷാമഃ പ്രസാദേന
തത് പ്രകാശ്യാന്തശാലിനഃ. ൧൰൨

ഗുരുരുവാച:—
ശൃണുത പ്രീതി സമ്പന്നാ
ബ്രഹ്മചര്യവ്രതം ശിവം
ആശ്രമാണാം പ്രധാനത്വാത്
പ്രഥമം തന്നിഗദ്യതേ. ൧൰൩

ഗർഭേ വിശുദ്ധമാതൃത്വ
ബ്രഹ്മചര്യം ഭവേത് ശിശോഃ
തദർത്ഥം ബ്രഹ്മചര്യേണ
വർത്തേത ജനനീ തദാ. ൧൰൪

ശിശോർഗ്ഗുരുകുലപ്രാപ്തി
പര്യന്തം പരിചാരികാ
പിതരാവപി തദ്യോഗ്യാം
സ്മരേയുഃ ബ്രഹ്മചാരിതാം. ൧൰൫

ആപഞ്ചമാബ്ദം യത്നേന
ശിശും ദേവമിവാദരാത്
താവത് തദ്ബുദ്ധി സംസ്കാരം
കവിതാ ജനനീ സദാ. ൧൰൬

പിതരൗ പുത്രസംഭൂതി-
മാകാംക്ഷന്തൗ നിജാത്മജം
അക്ഷരാരംഭണാദൂർദ്ധ്വം
വാസയേതാം ഗുരോഃ കുലേ. ൧൰൭

ആകാംക്ഷൻ ജീവിതോല്ക്കർഷം
വർണ്ണീ ഗുരുകുലേ വസേത്
നിർണ്ണീതകാലപര്യന്തം
ഗുർവ്വാജ്ഞാം പരിപാലയൻ. ൧൰൮

വർണ്ണിനഃ പിതരൗ നിത്യം
യഥാദേശസ്വഭാവതഃ
ബ്രഹ്മചര്യം തസ്യ സമ്യ—
ഗവശ്യം നിർവ്വഹേത് സ്വയം. ൧൰൯

വസൻ ഗുരുകുലേ വർണ്ണീ
ഗന്തുകാമോ നിജാലയം
സമാചാര്യോന്തികേ കാലേ
ഗച്ഛേദ് ഗുരുപരായണഃ ൨൰

ശിക്ഷയേച്ഛിഷ്യമാചാര്യ
ശ്ശൗചമാദൗ വിശേഷതഃ
തഥാ ഗുരുകുലാചാരാൻ
സർവ്വാനപി ശുഭോത്തരാൻ. ൨൰൧

ആചാരമാചരേന്നിത്യ-
മുപാസീത യഥാവിധി
ദേവസന്ധ്യ വീതതന്ദ്രികം
ബ്രഹ്മചാരീ യതേന്ദ്രിയഃ ൨൰൨

ഉപക്രാന്ത്യപസംഹൃത്യോ
പാഠസ്യാചാര്യമാദരാത്
ശിഷ്യോऽഭിവാദയേ ദേവ
വിനീതോ വിധിപൂർവ്വകം. ൨൰൩

ഗുരോസ്സകാശാന്നിയത
മിഥാമാത്രശുശ്രൂഷയാ
അധ്യേതവ്യാസ്സർവ്വവിദ്യാ
തത്വജ്ഞാനായ ധീമതാ. ൨൰൪

ശ്രദ്ധാവാൻ ബ്രഹ്മചാരീത്ഥം
പ്രസ്തുതം ധർമ്മപഞ്ചകം
അനുസ്മരേച്ചാനുതിഷ്ഠേത്
തഥാ തച്ഛുദ്ധിപഞ്ചകം. ൨൰൫

ബലാദാവർജ്ജകാദേഷു
ചലച്ചിത്തോ നിരോധയേത്
വിനാ തന്നിഗ്രഹം കാഷ്ഠാം
പുരുഷോ നാധിഗച്ഛതി. ൨൰൬

ഇന്ദ്രിയാണാമേകതമം
യദ്യന്യത്ര പ്രവർത്തതേ
പ്രജ്ഞാപി തേന നിർഗ്ഗത്യ
ഭ്രാതം ഗായ കല്പതേ. ൨൰൭

തദിന്ദ്രിയാണി സമയേ
ബുദ്ധിമാനവരോധയേത്
ഇന്ദ്രിയോ പരമസ്സത്യം
തദാപാവർത്മനി സംശ്രയഃ. ൨൰൮

നിഷ്ക്രാമയേദ് ഗുരുകുലാ-
ദുർവ്വിനീതമനാശ്രവം
ബ്രഹ്മചാരിണമന്യേഷാം
ദുസ്സംസർഗ്ഗനിവൃത്തയേ. ൨൰൯

അവിശേഷേണ പിതരാ
വാചാര്യശ്ച കൃപാബലാത്
പോഷേऽധികാരിണഃ പുത്ര
സ്ഥൂലസൂക്ഷ്മശരീരയോഃ. ൩൰

നവജീവൻ

13th March 1945

## കൊല്ലത്തെ കാളേജ്

—o—

ശ്രീ നാരായണപരമഹംസരുടെ മഹനീയ സ്മാരകമായി കൊല്ലത്തു് ഒരു കാളേജ് സ്ഥാപിക്കുവാൻ ആലോചിച്ചു തീരുമാനിച്ചിരിക്കുന്നതായി അറിയുന്നു. ഈഴവസമുദായത്തിൽപെട്ട, കൊല്ലത്തെ ഏതാനും പ്രമുഖവ്യക്തികളാണു് ഇതിന്റെ പ്രധാന പ്രവർത്തകരായിരിക്കുന്നതു്. സ്വാമി ഭക്തിയിൽ അദ്വിതീയന്മാരായ അവരിൽ എല്ലാവരെയും തന്നെ ഞങ്ങൾക്കു് നേരിട്ടു് അറിവുള്ളതാണു്. ഉദാരമതികളും കർമ്മകുശലരും അനുഗൃഹീത സമ്പന്നരുമായ അവരുടെ ആദർശയുക്തമായ ഈ സംരംഭത്തിൽ അകമഴിഞ്ഞാമോദിക്കാത്തവരായി ആരും ഉണ്ടായിരിക്കുന്നതല്ല. വിശ്വവിദ്യാലയപ്പൊൻവിളക്കായി പരിലസിച്ചിരുന്ന പരമഹംസദേവരുടെ പരിപാവന നാമധേയത്തിൽ, ആ മഹാത്മാവിന്റെ മഹനീയ സ്മരണയെ ആകല്പം നിലനിർത്തുമാറു് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന പ്രസ്തുത കലാശാലയുടെ നിർവ്വിഘ്നനിർവ്വഹണത്തിനായി പ്രാർത്ഥിക്കുകയും പ്രവർത്തകരെ ഞങ്ങൾ സഹർഷം അനുമോദിക്കുകയും ചെയ്യുന്നു.

വിദ്യാഭ്യാസസംബന്ധമായി പല അസമത്വങ്ങളും അവശതകളും അനുഭവിച്ചിട്ടുവരാണു് ഈഴവസമുദായം. ആധുനികകാലത്തിന്റെ അടുത്ത പൂർവ്വദശയിൽ മാത്രമാണു് ആവക അവസ്ഥാന്തരങ്ങൾക്കെല്ലാം ഒരു പരിഹാരം സംജാതമായിട്ടുള്ളതു്. അങ്ങനെ വിദ്യാഭ്യാസസംബന്ധമായ ഒരു "ഏകാന്തദീപ്തത" ഇന്നു് നിലകൊള്ളുന്നാണെങ്കിലും സാമൂഹ്യമായും, സാമ്പത്തികമായും മററും പണ്ടുമുതൽക്കേ വന്നുചേർന്നിരുന്ന ദുരന്തങ്ങളൊന്നും നിശ്ശേഷം പരിഹൃതമായി എന്നു പറയാവുന്നതല്ല. ഗവർമെൻറുകാളേജുകൾക്കു് പുറമെ ക്രിസ്ത്യസംഘടനകൾ വകയായി നാലു് കാളേജുകൾ ഇന്നു് തിരുവിതാംകൂറിൽ നിലവിലുണ്ടു്. എന്നിരുന്നിട്ടും ഈഴവർ തുടങ്ങിയ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കു് ആവശ്യാനുസരണം പ്രവേശനസൗകര്യം ലഭിക്കാതെ കുഴങ്ങുന്നുവെന്നാണു് പരാതി. ഈ പരാതിക്കു് പോംവഴി നിർണ്ണയിച്ചു് സമുദായസമുദ്ധരണം നടത്തണമെന്നു കൂടിയായിരിക്കണം കൊല്ലത്തെ കാളേജ് സ്ഥാപകരുടെ ഉദ്ദേശ്യമെന്നല്ലാതെ, പ്രസ്തുത സ്ഥാപനം ഈഴവവിദ്യാർത്ഥികൾക്കു് മാത്രമായുള്ള ഒരു വിഹാരരംഗമായി കരുതപ്പെടുമെന്നു് ആർക്കും വിശ്വസിക്കാവുന്നതല്ല. "ഒരു ജാതി" "ഒരു മതം" തുടങ്ങിയ ഗുരുദേവരുടെ സന്ദേശങ്ങളിൽ ബദ്ധകൗതുകികളും ഉല്പതിഷ്ണുക്കളുമായ ഈഴവർ അത്തരം സങ്കുചിതമായ ഒരു മനോഭാവത്തെ അവലംബിക്കുമെന്നു് വിശ്വസിക്കുവാൻ അവരുടെ പാരമ്പര്യജ്ഞാനം ഞങ്ങളെ നിശ്ശേഷം അനുവദിക്കുന്നില്ല. മാത്രമല്ല അത്തരം ഒരു സ്ഥാപനവുമായുള്ള ഗുരുദേവരുടെ നാമസംഘടനയ്ക്കു് യാതൊരു പ്രസക്തിയും ഉണ്ടായിരിക്കയില്ലെന്നുള്ളതും, ആ സ്ഥാപനം ഗുരുദേവസ്മരണയെ നിലനിർത്തുകയില്ലെന്നുള്ളതും പ്രസിദ്ധവുമാണല്ലോ.

ആകയാൽ കൊല്ലത്തെകാളേജ് സ്ഥാപനകാര്യത്തിൽ ജാതിമതഭേദമെന്യേ സർവ്വരും സഹകരിക്കുമെന്നുള്ള ഞങ്ങളുടെ വിശ്വാസത്തെ ദൃഢീകരിക്കുകയും, പ്രസ്തുതസ്ഥാപനം 'ജാതിഭേദം മതദ്വേഷമേതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാ—" സ്ഥാപനമായി രൂപമെടുത്തു കാണ്മാൻ ഞങ്ങൾ ആശംസിക്കുകയും ചെയ്യുന്നു.

### സമാജാഭ്യർത്ഥന

മന്നാംകണ്ടം "ശ്രീ ഗുരുസേവസമാജം" വകയായി പുറപ്പെടുവിച്ചിരിക്കുന്ന അഭ്യർത്ഥന കൈപ്പറ്റിയിരിക്കുന്നു. ഈ സമാജം വകയായി ഒരു ആരാധനാമന്ദിരം നടത്തിവരുന്നതുകൂടാതെ ഗുരുദേവരുടെ ആദർശപ്രചരണപരമായി സമാജം പല നല്ല കാര്യങ്ങളും ചെയ്തുവരുന്നതായുമറിയുന്നു. സ്ഥലത്തെ ഉദാരമതികളായ ഒരു കുടുംബക്കാരിൽ ദാനംചെയ്യപ്പെട്ട ഒരു വനപ്രദേശത്താണു് പ്രസ്തുത സ്ഥാപനം നടത്തിവരുന്നതു്. 'കാട്ടുകമ്പുകളും പച്ചിലകളുംകൊണ്ടു നിർമ്മിച്ചിരിക്കുന്ന സമാജമന്ദിരം ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തി ബലിഷ്ഠമാക്കാൻ ഉദാരമതികൾ കഴിവുള്ള സംഭാവനകൾ നൽകണമെന്നാണു്' സമാജത്തിന്റെ അഭ്യർത്ഥന. അതിലേക്കു് ഞങ്ങൾ സകലരുടെയും ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

### ഗ്രന്ഥവിചാരം

## ജ്യോൽസ്നി

ഗ്രന്ഥകർത്താ

[കരുംകുളം— മാധവൻ]

പലപ്പോഴായി, വിവിധവിഷയങ്ങളെ അധികരിച്ചു് രചിച്ചിട്ടുള്ള പത്തു പദ്യകവനങ്ങളുടെ ഒരു സമാഹരണമാണു് ഈ ലഘുഗ്രന്ഥം. ആയതു് 'പടയാളി'യിൽ തുടങ്ങി, 'വീരപത്നി'യിൽ അവസാനിക്കുന്നു. അവശലക്ഷങ്ങളുടെ സമുദ്ധരണത്തിനു സന്നദ്ധനായി, ആദ്യമായി രണവേദിയിൽ ഇറങ്ങുന്ന "പടയാളിക്കു്" താങ്ങും തണലുമായി തന്റെ അന്ത്യദശയിലെങ്കിലും ഒരു 'വീരപത്നി'യെ ലഭിക്കുക എന്നതു് ആശ്വാസപ്രദം തന്നെ. സ്ഫുടികസ്ഫുടമായ മദ്ധ്യാഹ്നത്തിൽ അപ്രതീക്ഷിതമായി 'പടവരുന്നു'എന്നു കേട്ടാൽ ചിലരതു് 'പ്രളയ'മായി ശങ്കിക്കുന്നതിൽ തെററില്ല. ആ ബഹളത്തിൽ പെട്ടു് അമ്പരന്നു വിമ്മിക്കരയുന്ന ശിശുക്കളെ സമാശ്വസിപ്പിക്കുന്നതിനായി പാടുന്ന പാട്ടു് ചിലപ്പോൾ 'കൊടുക്കത്തെ താരാട്ടാ'യും പരിണമിച്ചുകൂടെന്നില്ല. എന്നിരുന്നാലും വിശ്വം മയക്കുന്ന വിശാലമായ 'ആ ഗോപുരമുററത്തു്' ആ പുതുമപുലരിൻ 'പൂന്നിലാവിൽ' തെന്നിളം കാററിൽ പാടിപ്പറക്കുന്ന 'കൊടിക്കീഴിൽ' വിഹരിച്ചു് നിർവൃതിയടയാനുള്ള ഭാഗ്യവും 'ഭപാരെ'ന്നാണു് ഭാവമെങ്കിൽ അതൊരു പോരായ്മയായി ആരും പരിഗണിക്കേണ്ടതില്ല.

മി: മാധവന്റെ പ്രഥമകൃതിയല്ലിതു്. ഇതിനുപരി പല ഗ്രന്ഥങ്ങളും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ടു്. 'ബാലിശമായ ഒരു കൈക്കുത്താണു്', പരിചയവും പാടവവും ആർജ്ജിച്ചിട്ടില്ലാത്ത ഒരു തൂലികയാണു് ഇതിലെ അധികകവിതകളും രചിച്ചതെന്നു

# സാഹിത്യത്തിന്റെ വളർച്ച

കററിപ്പുറത്തു കേശവൻ നായർ

കാലമോ സാഹചര്യമോ ഒന്നുമല്ലാ, വക്താവിന്റെ ഇഷ്ടമാത്രമാണ് ഭാഷയുടെ നിയാമകം എന്നു ചിലപ്പോൾ സമ്മതിക്കേണ്ടിവരും. സംസ്കൃതത്തിന്റെ പ്രാധാന്യം മൂർദ്ധന്യസ്ഥിതിയിൽ എത്തിയിരുന്ന മദ്ധ്യഘട്ടത്തിൽ തന്നെയാണ് കൃഷ്ണഗാഥ ഉത്ഭവിച്ചതു്. അതിലെ ഭാഷപോലെ അത്യന്തം ഹൃദ്യവും കോമളവുമായ ഒരു ഭാഷ അതിനു ശേഷമുണ്ടായ കൃതികളിൽപ്പോലും കാണുകയില്ല. ശരൽകാലചന്ദ്രികപോലെ ആഹ്ലാദവും കുളിർമയും നൽകുന്ന അമൃതസ്യന്ദിയായ ഒരു കൃതിയാണതു്.

ഏഴാം ശതാബ്ദത്തിന്റെ ആരംഭത്തോടുകൂടി ഭാഷാസാഹിത്യം ഒരു നവീനദശയിലേയ്ക്കു കടക്കുന്നു. ഈ ഘട്ടത്തിൽ അതിന്റെ നേതൃത്വം വഹിച്ചിരുന്നത് മഹാത്മാവായ തുഞ്ചത്തെഴുത്തച്ഛനാണ്. വിദ്യാഭ്യാസമോ വിവേകമോ കൂടാതെ കേവലം അജ്ഞാനാന്ധകാരത്തിൽ കിടന്നു നട്ടം തിരിഞ്ഞിരുന്ന പാവപ്പെട്ട സഹജീവികളെ ആ ദുരവസ്ഥയിൽ നിന്നു സ്വന്തം സാഹിത്യപ്രയത്നങ്ങളാൽ ഉദ്ധരിച്ചു സംരക്ഷിച്ച മഹാനായ ഒരു ലോകോപകാരിയാണ് അദ്ദേഹം. അതേവരെ അവ്യവസ്ഥിതമായിരുന്ന സാഹിത്യഭാഷയ്ക്കു നിയതമായ ഒരു രൂപം കൊടുക്കുക, സംസ്കൃതവൃത്തങ്ങളെ ഉപേക്ഷിച്ചു ദ്രാവിഡവൃത്തങ്ങളെ സ്വീകരിയ്ക്കുക, അലൌകികമായ നിർവൃതിയെക്കൂടി കാര്യമായി കരുതി കാവ്യങ്ങൾക്കു ആദ്ധ്യാത്മികമായ ഒരന്തരീക്ഷം സൃഷ്ടിയ്ക്കുക എന്നിങ്ങനെ പല പരിഷ്കാരങ്ങളാണ് അദ്ദേഹം ചെയ്തതു്. എഴുത്തച്ഛന്റെ കൃതികളായി പലതുമുണ്ടെങ്കിലും അദ്ധ്യാത്മരാമായണവും ഭാരതവുമാണ് അവയിൽ പ്രാധാന്യം വഹിയ്ക്കുന്നതു്. സാമാന്യേന അദ്ദേഹത്തിന്റെ എല്ലാ കൃതികളും ദക്ഷിണായനസൂര്യന്റെ പ്രഭാപടലംപോലെ പ്രബോധവും ഉല്ലാസവും നൽകുന്നു.

എഴുത്തച്ഛനെപ്പോലെതന്നെ മറെറാരുതരത്തിൽ ജനങ്ങളെ ആകമാനം ആകർഷിച്ചിട്ടുള്ള ഒരു സുഗൃഹീതകവിയാണ് കുഞ്ചൻ നമ്പ്യാർ. ഇങ്ങിനെ സമീക്ഷാസൌരഭവും പ്രതിഭയുമുള്ള സരസകവികൾ പ്രായേണ ചുരുങ്ങും. നമ്പ്യാരുടെ തുള്ളൽകൃതികൾ വായിച്ചിട്ടുള്ള സഹൃദയന്മാരോടു ഹാസസാഹിത്യനിർമ്മാണത്തിൽ അദ്ദേഹത്തിനുള്ള സ്ഥാനം എന്താണെന്നു പറയേണ്ടതില്ല.

> കേലികൾ പലതുമിളകുമാനു-
> ഷർക്കു കഥ കേട്ടാൽ
> ഫലിതമുള്ളതല്ലേ നല്ലൂ,
> പലർക്കുമങ്ങിനെതന്നെ."

എന്നു തുടങ്ങി,

> 'ചിരിയ്ക്കുന്നുള്ളതേ നല്ലൂ
> പലർക്കുമങ്ങിനെതന്നെ.'

എന്നു ഒരു ദിക്കിൽ നമ്പ്യാർ ആവലാതിപ്പെടുന്നു. സൂക്ഷ്മം നോക്കിയാൽ അതു തന്റെ മുൻഗാമിയായ എഴുത്തച്ഛന്റെ പ്രൌഢകൃതികളുടെ മുമ്പിൽ നമ്പ്യാർ സമർപ്പിക്കുന്ന ഒരു ക്ഷമാപണംമാത്രമാണ്. ചിരിയ്ക്കാനുള്ള കാലം കലിയുഗമാണെങ്കിൽ പിന്നെ കൃതയുഗം ഏതാണ്?

ഇങ്ങിനെ നാലാംശതാബ്ദം മുതൽ പത്താംശതാബ്ദത്തിന്റെ അവസാനത്തോളം എത്തുന്ന നീണ്ട കാലത്തിനിടയ്ക്കു നമ്മുടെ ഭാഷയിൽ പാട്ടുകളും സന്ദേശങ്ങളും കാവ്യങ്ങളും പ്രബന്ധങ്ങളും ആട്ടക്കഥകളും ഗാഥകളും മററുമായിട്ടു ഒട്ടധികം ഉത്തമസാഹിത്യഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രബന്ധകർത്താക്കന്മാരുടെ കൂട്ടത്തിൽ പുനം, മഴമംഗലം, ആട്ടക്കഥാകാരന്മാരുടെ ഇടയിൽ ഉണ്ണായിവാരിയർ, ഇരയിമ്മൻതമ്പി, കോട്ടയത്തു തമ്പുരാൻ മുതലായവരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യങ്ങളാണ്.

പതിനൊന്നാം നൂററാണ്ട് ഭാഷാസാഹിത്യത്തിന്റെ സുവർണ്ണകാലം എന്നുതന്നെ പറയണം. സർവ്വതോമുഖമായി ഒരു പുരോഗതിയാണ് ഇക്കാലത്തു ഭാഷക്കു സിദ്ധിച്ചിട്ടുള്ളതു്. അതിനു ഹേതുഭൂതന്മാരായി കവികളും ഗ്രന്ഥകാരന്മാരും മററുമായി പലരുമുണ്ട്. അവരിൽ പ്രമുഖന്മാരായ ചിലരാണ് വലിയകോയിത്തമ്പുരാൻ, രാജരാജവർമ്മ കോയിത്തമ്പുരാൻ, കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ, വെണ്മണി നമ്പൂതിരിപ്പാടന്മാർ നടുവം നമ്പൂതിരിമാർ, കണ്ടത്തിൽ വർഗ്ഗീസുമാപ്പിള മുതലായവർ. പൂർവ്വകവികളുടെ അതിപൂർണ്ണമായ മാർഗ്ഗത്തെ അത്രതന്നെ അനുവർത്തിയ്ക്കാതെ ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ വ്യാവർത്തകമായ വ്യക്തിവിശേഷത്തോടുകൂടിയ ഒരു വശിഷ്ടകാവ്യസരണിയുടെ മാർഗ്ഗദർശികളായി പ്രഖ്യാതരായ മൂന്നു മഹാകവികളിൽ ഒരാൾ — കുമാരനാശാൻ — ഹതവിധിനിമിത്തം അകാലത്തിൽ നമുക്കു നഷ്ടനായിപ്പോയി. എങ്കിലും ശേഷമുള്ള രണ്ടുപേർ — എന്റെ വന്ദ്യഗുരുനാഥൻ വള്ളത്തോളും, എന്റെ അകൈതവമായ ഭക്തിബഹുമാനങ്ങൾക്കു ഭാജനമായ ഉള്ളൂരും ഭാഗ്യത്താൽ ജീവിച്ചിരിപ്പുണ്ടല്ലോ എന്നു നമുക്കു സമാധാനിയ്ക്കുകയും അവരുടെ ആയുരാരോഗ്യങ്ങൾക്കായി പ്രാർത്ഥിയ്ക്കുകയും ചെയ്യാം.

സാഹചര്യങ്ങൾക്കും രുചിഭേദത്തിനനുസരിച്ചു ഇന്നത്തെ ഉല്പതിഷ്ണുക്കളായ യുവക

---

കവി സമ്മതിക്കുന്നുണ്ട്. അത്രത്തോളം അപരിചയവും അപാടവവുമൊന്നും പ്രസ്തുത കൈയ്ക്കോ, തൂലികയ്ക്കോ വന്നുപോയതായി ഞങ്ങൾ കാണുന്നില്ല. എന്നിരുന്നാലും സാഹിത്യശാസ്ത്രദൃഷ്ട്യായുള്ള ഒരു നിഷ്കൃഷ്ടനിരൂപണത്തിനു ഞങ്ങൾ ഇപ്പോൾ സന്നദ്ധരാകുന്നില്ല. ശരിയായ പരിശ്രമവും ശിക്ഷണവും കുറെക്കൂടി ലഭിക്കുന്ന പക്ഷം ഈ യുവകവിക്കു ഒരു നല്ല ഭാവി ഉണ്ടായിരിക്കുമെന്നുള്ളതിൽ പക്ഷാന്തരത്തിനിടയില്ല. തനിക്കേററവും പ്രിയപ്പെട്ടതാണു് "ജ്യോത്സ്ന" എന്നു കവി പ്രസ്താവിക്കുന്നുണ്ടെങ്കിലും സാമാന്യവായനക്കാർക്കു് അനാസ്വാദനീയവും, ഉച്ചാരണക്ലിഷ്ടവും, ഗ്രന്ഥസംബന്ധമായി അത്രയൊന്നും പ്രസക്തിയില്ലാത്തതുമായ ഈ പ്രത്യേക പദം തന്നെ തെരെഞ്ഞെടുത്തു് അതിനോടിത്ര മമതതോന്നി ഗ്രന്ഥനാമകരണം നിർവ്വഹിക്കാനുള്ള ഹേതു എന്തെന്നു് എത്ര ചിന്തിച്ചിട്ടും വെളിവാകുന്നില്ല. ഗ്രന്ഥത്തിനും തൽകർത്താവിനും ഞങ്ങൾ ഭാവുകമാശംസിക്കുന്നു.

വികളിൽനിന്നു സാഹിത്യത്തിൽ പല പ്രകാരഭേദങ്ങളും പ്രസ്ഥാനവിശേഷങ്ങളും വന്നുചേരുന്നുണ്ടു്. പ്രതിപാദ്യവസ്തുവിലും പ്രതിപാദനത്തിലും അലങ്കാരങ്ങളിലുമെല്ലാം ഇന്നത്തെ കവിതകൾക്കു് ഒരു മാററം വന്നിരിയ്ക്കുന്നു. കാവ്യരചനയ്ക്കായി ആദർശങ്ങളെ തേടി കാവ്യലോകത്തിലേയ്ക്കു പുറപ്പെടാതെ യഥാർത്ഥലോകത്തിലേയ്ക്കുതന്നെ പല നവീനകവികളും വന്നുതുടങ്ങിയിട്ടുണ്ടു്—അന്തർമ്മുഖമായ ഒരു ചിന്താഗതിയും അവരിൽ പലർക്കും കാണുന്നുണ്ടു്.

എന്നാൽ അഭിനവമായ ഇന്നത്തെ പ്രസ്ഥാനങ്ങളെല്ലാം ഒരുപോലെ അഭിനന്ദനീയങ്ങളെന്നു പറവാൻ ഞാനൊരുക്കമില്ല. അവയിൽ പലതും അന്ധമായ അനുകരണത്തിന്റെ ഫലങ്ങളാണു്. പഴമക്കാർ സംസ്കൃതസാഹിത്യത്തെ അനുകരിച്ചുവെങ്കിൽ പുതുമക്കാർ പാശ്ചാത്യസാഹിത്യത്തെ അനുകരിക്കുന്നു. ഒരടിമത്തത്തിൽനിന്നു മറെറാരടിമത്തത്തിലേയ്ക്കു് എന്നുമാത്രം ഭേദം. ധാർമ്മികമായ ഒരടിസ്ഥാനമില്ലാതെ കല കലയ്ക്കുവേണ്ടിയുള്ളതു എന്ന മതത്തെ മാത്രം ആധാരമാക്കിക്കൊണ്ടുള്ള കാവ്യനിർമ്മാണവും ഭാരതീയസംസ്കാരത്തിനു കേവലം വിരുദ്ധമാകയാൽ പ്രോത്സാഹനാർഹമല്ല. ഏതെങ്കിലും ഒരു പുരുഷൻ തനിയ്ക്കു പ്രിയപ്പെട്ട ഒരു സ്ത്രീയെ അവളുടെ മാതാപിതാക്കന്മാരുടെ അനിവാര്യമായ വിരോധത്താലോ മറേറാ കല്യാണം കഴിപ്പാൻ കഴിയാതെ ഭഗ്നാശയനായിരിയ്ക്കുമ്പോൾ ആ സ്ത്രീ യദൃച്ഛയാ അയാളുടെ വീട്ടിൽ വെള്ളം എന്നിരിക്കട്ടെ. അപ്പോൾ അയാൾ നൈരാശ്യത്താൽ പ്രേരിതനായി അവളുടെ തലമുടി കൊണ്ടുതന്നെ അവളെ കെട്ടിവരിഞ്ഞു നിഗ്രഹിച്ചു സ്വയം കൃതാർത്ഥനായി എന്നൊരു കവിത നിർമ്മിച്ചാൽ അതിൽ എത്രമാത്രം വികാരവ്യക്തി ഉണ്ടായാലും വിചാരശുദ്ധി തീരെ ഇല്ലെന്നു ഞാൻ തീർത്തുപറയും.

ഇന്നത്തെ പുരോഗമനസാഹിത്യത്തെക്കുറിച്ചു രണ്ടുവാക്കുകൂടി പറഞ്ഞു ഇതു് ഇവിടെ ഉപസംഹരിച്ചേയ്ക്കാം. പുരോഗമനസാഹിത്യം എന്ന ഇനത്തിൽപ്പെട്ടതെന്നു വിചാരിയ്ക്കാവുന്ന ചില കൃതികൾ ഞാൻ വായിച്ചിട്ടുണ്ടു്. അവയിൽ സാധുക്കളുടെ പട്ടിണിയും കഷ്ടപ്പാടും സാമുദായികമായ മററു ചില അവശതകളുമാണു് പ്രാധാന്യേന കാണുന്ന വിഷയം. പാവപ്പെട്ടവരുടെ പുരോഗതിക്കുവേണ്ടി എഴുതുന്ന സാഹിത്യമാകയാൽ പുരോഗമനസാഹിത്യം എന്നു പേരിട്ടു എന്നാണു് വിചാരിക്കേണ്ടതു്. ആ ദീനാനുകമ്പ നിസ്സംശയം ആദരണീയം തന്നെ. എന്നാൽ ആ അനുകമ്പയാൽ പ്രേരിതരായി വല്ല കവികളും വല്ലതും എഴുതിയാലായി എന്നാഗ്രഹിയ്ക്കയല്ലാതെ അതിന്നായി അവരെ നിർബന്ധിക്കുന്നതു് അനീതിയല്ലേ? അവരുടെ സ്വാതന്ത്ര്യത്തെ ഭഞ്ജിക്കുകയല്ലേ? കേവലം പ്രചാരണത്തിനുമാത്രമായി ഹൃദയസ്പർശം കൂടാതെ എഴുതുന്ന കവിത കവിതയാകുമോ? അതു ഫലപ്രദമാകുമോ? ഇത്തരം കവിതകൾകൊണ്ടു സാഹിത്യത്തിന്റെ പുരോഗതിയും ഉദ്ദിഷ്ടമാണെങ്കിൽ അതു സാധിക്കയില്ലെന്നു മിയ്ക്കതും തീർച്ചയാണു്. അന്യരുടെ പുരോഗതിയ്ക്കായി സ്വയം അധോഗതി വരിക്കുന്നതു് ഒരു ത്യാഗമാണല്ലോ. അതുകൊണ്ടു വല്ല മഹത്വവും സാഹിത്യത്തിനു ഉണ്ടാകുമോ എന്നറിഞ്ഞുകൂടാ. ഏതോ ഒരു രസികനായ പാശ്ചാത്യവിമർശകനാണെന്നു തോന്നുന്നു ഒരിക്കൽ ഒരുത്സവത്തെക്കുറിച്ചു് എഴുതിയ കവിതയെക്കുറിച്ചു പറയുകയുണ്ടായി. ആ ഉത്സവം അന്നുകഴിഞ്ഞു. അതിനെപ്പററി എഴുതിയ കാവ്യം പിറേറദിവസംകൂടി നിലനിന്നു എന്നു്. ഇങ്ങനെ താല്ക്കാലികങ്ങളായ വിഷയങ്ങളെ സംബന്ധിച്ചു് എഴുതുന്ന പ്രചരണകൃതികൾക്കും ദീർഘജീവിതം ഒരിക്കലും സംഭാവ്യമല്ല. ഇവയിൽ വേറെ ചില വൈകല്യങ്ങളും ഉള്ളതായി എനിക്കു തോന്നുന്നുണ്ടു്. മദ്ധ്യസ്ഥതയോ, ധർമ്മബുദ്ധിയോ, ആത്മാഭിമാനമോ കൂടാതെയുള്ള അനുകരണങ്ങൾ ഒരുവിധം ആത്മഹത്യതന്നെയാകുന്നു. ധനികരായ മനുഷ്യരുടെ നിർദ്ദയതയാൽ പട്ടിണികിടന്നു കഷ്ടപ്പെടേണ്ടിവന്ന ഒരു സാധുസ്ത്രീ അവസാനം ഗത്യന്തരമില്ലാതെ കേവലം ജീവസന്ധാരണത്തിനായി വ്യഭിചാരവൃത്തിയെ അംഗീകരിക്കുന്ന പ്രകാരം വിവരിക്കുന്ന സജീവമായ ഒരു കവിത. അതിൽ ധനികന്മാരുടെ ചിത്തവൃത്തിയും ദുഷ്ടതയുമെല്ലാം വികാരഭരിതമായ ഭാഷയിൽ ചിത്രീകരിച്ചിട്ടുണ്ടു്. എന്നാൽ ആ സാധുസ്ത്രീയോടു് അവളുടെ ദുഷ്കൃത്യത്തെപ്പററി 'നന്നായില്ല' എന്നു ഒരൊററവാക്കെങ്കിലും ഒടുവിൽ പറഞ്ഞാലെന്തായിരുന്നു! അതു വികാരാവേശത്തിൽ മറന്നു. അഥവാ വേണമെന്നുതന്നെ വിചാരിച്ചിട്ടില്ല. ഇതെല്ലാം നമ്മുടെ സദാചാരങ്ങളോടും ധർമ്മബോധത്തോടും നടത്തുന്ന വെല്ലുവിളിയല്ലാതെ മറെറന്താണു്? ഭാരതീയസംസ്കാരവും സഹനശക്തിയും അത്തരം ഘട്ടങ്ങളിൽ ഇങ്ങിനെ പ്രവർത്തിപ്പാൻ അനുവദിയ്ക്കയില്ലാ. അനിവാര്യമെന്നുവന്നാൽ ആത്മത്യാഗമാണു് ഭേദം എന്നുകൂടി അവർ കരുതുമെന്നു ചിററൂരിലെ 'ജൌഹർ' (പത്മിനീചരിതം) മുതലായ ചരിത്രലക്ഷ്യങ്ങളിൽനിന്നു നമുക്കറിയാം.

സാഹിത്യംകൊണ്ടു സൌഹിത്യം ലഭിച്ച ഭാഷകളൊന്നും ലോകത്തിലില്ല; ഉണ്ടാവാൻ ഇടയുമില്ല. കാലദേശാവസ്ഥകൾക്കനുസരിച്ചു പുത്തനായ ആശകളും ആശയങ്ങളും ജനിക്കുമ്പോൾ പുതിയതരം സാഹിത്യങ്ങളുംഉണ്ടായേകഴിയൂ. മേന്മയും താഴ്മയുമെല്ലാം സാപേക്ഷമാണു്. നമ്മുടെ സാഹിത്യത്തിന്റെ ഇന്നത്തെ സ്ഥിതിഗതികളെ സാമാന്യമായി ഗ്രഹിപ്പിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ടു്. അതു് എത്രത്തോളം ഫലിച്ചിട്ടുണ്ടെന്ന കാര്യത്തിൽ അഭിജ്ഞന്മാർതന്നെ പ്രമാണം. നിങ്ങൾക്കു് ഒരിക്കൽക്കൂടി എന്റെ പ്രണാമം.

(ആറാം മതിരാശി മലയാളി മഹാസമ്മേളനത്തിന്റെ സാഹിത്യസമ്മേളനത്തിലെ അദ്ധ്യക്ഷപ്രസംഗത്തിൽ നിന്നു.)

# പരമഹംസോപനിഷത്ത്

(പി. അനന്തൻപിള്ള, എം. എ.)

ഇതൊരു ചെറിയ ഉപനിഷത്താണ്. ഇതിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയം വിദ്വൽസന്ന്യാസമാണ്. എല്ലാ അറിവും സിദ്ധിച്ചുകഴിഞ്ഞതിനു ശേഷം സന്ന്യസിക്കേണ്ടതെങ്ങനെയെന്നു് അതു് ഉപദേശിക്കുന്നു. ആധുനികർക്കു് ഈ വിഷയം രുചിയില്ലായിരിക്കാം. അതുകൊണ്ടു ഈ ലേഖനം അനാവശ്യമാണെന്നും പറഞ്ഞേക്കാം. പറഞ്ഞുകൊള്ളട്ടെ എന്നു വയ്ക്കാനേ തരമുള്ളു. പഠിക്കുന്നതും അറിവു ലഭിക്കുന്നതും ലോകം വേണ്ടെന്നു വയ്ക്കാനാണോ? നിശ്ചയമായും അല്ല. എന്നാൽ എന്നെങ്കിലും അതു വേണ്ടെന്നു വയ്ക്കാതെ തരമുണ്ടോ? അതു അപ്പോൾ മതിയല്ലോ, അതുവരെ സുഖമായിരിക്കരുതോ? ശരി; അതിനു വിരോധം പറയുന്നില്ല. പക്ഷേ അവസാനം എപ്പോൾ ആണെന്നു നമുക്കറിഞ്ഞുകൂടാ. പിന്നെ സുഖം അനുഭവിക്കുന്നുണ്ടോ? കലർപ്പില്ലാത്ത സുഖം? അങ്ങനെയാണെങ്കിൽ ദുഃഖനിവാരണത്തിനായി അനവരതം ശ്രമിക്കുന്നതെന്തിന്?

കലകളും ശാസ്ത്രങ്ങളും ഒക്കെ പഠിച്ചു ജീവിതം വളരെ സുഖകരമാക്കി ഒടുവിൽ മരിച്ചു. ഇങ്ങനെ ഒററ വ്യക്തിക്കെങ്കിലും സാധിച്ചിട്ടുണ്ടോ? സമുദായവാസത്തിലതു സാദ്ധ്യമല്ല എന്നു പറയുമായിരിക്കും. എന്നാലതു വേണ്ടെന്നു വയ്ക്കണം. അല്ലെങ്കിൽ സമുദായവാസം ആ വിധത്തിൽ പരിഷ്കരിക്കണം.

ഇതുരണ്ടുമല്ലാതെ ഒരു ത്രിശങ്കുസ്വർഗ്ഗത്തിൽ നില്ക്കുന്നതു ജന്മസാഫല്യം സിദ്ധിക്കുന്നതല്ല. എന്തായാലും ആധുനികലോകത്തിലുണ്ടായിട്ടുള്ള മാററങ്ങളനുസരിച്ചു തന്നെ മുന്നോട്ടു പോകുന്നതിനു നമ്മുടെ ഉപനിഷത്തുകളും മററും പാടേ നശിപ്പിക്കണമെന്നു പറയുന്നതു ബുദ്ധിഭ്രംശമാണ്. അവയെല്ലാം ഏതു ജീവിതരീതിക്കും അത്യന്തം സഹായകങ്ങളായിരിക്കുന്നതേയുള്ളു.

ധാരാളം അറിവു സിദ്ധിച്ചതിന്റെ ഫലമായി നമുക്കു വേണ്ടധനവും സ്ഥാനമാനങ്ങളും [illegible] ക്കട്ടെ. പിന്നെ വേണ്ടതെന്താണ്? ഉപര്യുപരി സുഖം അന്വേഷിക്കയാണോ? അതോ സുഖത്തിന്റെ ക്ഷണികതയും നിസ്സാരതയും മനസ്സിരുത്തി ആലോചിച്ചു നോക്കുകയോ? ഒടുവിൽ പറഞ്ഞതാണ് ആശാസ്യമായിട്ടുള്ളതു്. അല്ലെങ്കിൽ പാശ്ചാത്യ പരിഷ്കാരത്തിനു പററിയിരിക്കുന്ന അബദ്ധത്തിൽ ചെന്നു ചാടേണ്ടിവരും. ഇൻഡ്യയിൽ അങ്ങനെ വരരുതെന്നു വിചാരിച്ചിട്ടായിരിക്കണം ഉപനിഷത്തുകൾ പോലെയുള്ള ഗ്രന്ഥസമുച്ചയം സശ്രദ്ധം സൃഷ്ടിച്ചു വയ്ക്കുവാൻ നമ്മുടെ പുരാതനന്മാർ ശ്രമിച്ചതു്.

കല കലയ്ക്കുവേണ്ടിയോ, ശാസ്ത്രം സുഖാനുഭവത്തിനുവേണ്ടിയോ എങ്ങനെയെങ്കിലും ഉപജീവിച്ചുകൊള്ളട്ടെ. മനുഷ്യായുസ്സിന്റെ പരിമിതിയേയും, നിത്യശാന്തിയെ പ്രാപിക്കുവാനുള്ള ലക്ഷ്യത്തെയും നാം ഒരിക്കലും വിസ്മരിക്കുവാൻ പാടുള്ളതല്ല. ആകയാൽ വിദ്വൽസന്ന്യാസം അനുഷ്ഠിക്കേണ്ടതു ന്യായമെന്നു തോന്നുന്ന പക്ഷം ആകാം. അല്ലെങ്കിൽ വേണ്ട എന്നുള്ള ഒരു മുഖവുരയോടുകൂടി തൽപ്രതിപാദകമായ ഉപനിഷത്തിൽ പ്രവേശിക്കാം.

1. വിദ്വൽസന്ന്യാസം സാധിക്കാൻ വളരെ ബുദ്ധിമുട്ടുള്ള ഒരു മാർഗ്ഗമാകയാൽ അതിൽ സഞ്ചരിച്ചിട്ടുള്ളവരുടെ (പരമഹംസന്മാരുടെ) സംഖ്യ ചുരുക്കമാണത്രേ!

പഠിക്കുകയും അറിവു വളരുകയും ചെയ്യുമ്പോൾ ഇന്നയിന്ന വിധത്തിലെല്ലാം തന്റെ ഭാവിയെ രൂപവൽക്കരിക്കണമെന്നൊക്കെ ചിന്തിക്കാം. പക്ഷേ ജീവിതയാഥാർത്ഥ്യങ്ങളെ ഓരോന്നായി അഭിമുഖീകരിക്കുമ്പോൾ പ്രലോഭനങ്ങൾക്കു കീഴടങ്ങി, തനിക്കു സിദ്ധിച്ചിട്ടുള്ള അറിവെല്ലാം സുഖോപലബ്ധിക്കു വിനിയോഗിക്കുന്നു. അറിവിങ്ങനെ വഴിതെററിപ്പോയാൽ വിദ്വാൻ എവിടെച്ചെന്നു നിൽക്കും?

ആകയാൽ ആധുനിക പരിഷ്കാരത്തിൽ ബഹുദൂരം സഞ്ചരിച്ചിട്ടുള്ളവർക്കു വീണ്ടും ഒരു പ്രത്യേക മാതിരിയിലുള്ള അറിവു സിദ്ധിച്ചില്ലെങ്കിൽ അവർ സ്വന്തം നിലയും വിലയും വലുതാക്കുമേ നോക്കുകയുള്ളു. അതാണു പരമഹംസന്മാരുടെ സംഖ്യ ലോകത്തിൽ കുറഞ്ഞു പോകാൻ കാരണം.

2. എന്നാൽ ഒരാളെങ്കിലും അങ്ങനെ ആയിത്തീരുന്ന പക്ഷം നിത്യശുദ്ധസ്ഥനും വേദപുരുഷനും അയാൾ തന്നെ.

നിത്യശുദ്ധമായതു് നമ്മുടെ അന്തരാത്മാവു മാത്രമാണ്. ജീവാത്മാവാകട്ടെ മനസ്സിനോടുകൂടിച്ചേർന്നു വാസനാവിശിഷ്ടമായിത്തീരുന്നു. ശരീരത്തിൽകൂടിയുള്ള ലോകസംഗ്രഹജ്ഞാനസ്വീകരണത്താൽ "ഞാൻ" എന്നു ഭാവിച്ചു് സ്ഥാനമാനങ്ങൾ ആഗ്രഹിക്കുന്നതുകൊണ്ടു് ജീവാത്മാവിനു ഒരിക്കലും സ്വാസ്ഥ്യമുണ്ടാകുന്നില്ല. അഹംബുദ്ധി നശിക്കുന്ന പക്ഷം അതു് അന്തരാത്മാവുമായി സംഘടിക്കുക മാത്രമല്ല ഏകീഭാവത്തെ അംഗീകരിക്കുകയും ചെയ്യും. ലോകശ്രേയസ്സിൽ അഗ്രസ്ഥാനത്തെത്തിയവനും ഇങ്ങനെ ആയിത്തീരുവാൻ മേലെന്നില്ലല്ലോ. പക്ഷേ അങ്ങനെ ഒരവസ്ഥയുണ്ടെന്നറിയണം. ജനകനും മററും അങ്ങനെ അറിഞ്ഞു് സ്വസ്ഥമാനസരായി ലോകം വെടിഞ്ഞിട്ടുള്ളവരാണ്.

"വേദപുരുഷൻ" സുജനശ്രേഷ്ഠൻ തന്നെ. വേദമെന്നു കേൾക്കുമ്പോൾ യാഗവും മന്ത്രവും, ദേവന്മാരും. ഒക്കെ ഓർമ്മവരും. എന്നാൽ ലോകയാത്രയ്ക്കുവേണ്ട അറിവിന്റെ ഇരിപ്പിടം മാത്രമാണു വേദം എന്നു പറഞ്ഞാൽ ആരും വിശ്വസിക്കയില്ലായിരിക്കും. ഒരു സുജനശ്രേഷ്ഠനു (Gentleman) വേണ്ട ഗുണങ്ങൾ എന്തെല്ലാം? പാശ്ചാത്യാഭിപ്രായം നോക്കാം. കാർഡിനൽ ന്യൂമാൻ പറഞ്ഞിട്ടുള്ള ലക്ഷണം ഇതാണ്:

തന്റെ സഹവാസത്തിലുള്ളവർക്കു മനോവേദനയുണ്ടാകുന്ന യാതൊരു പ്രവൃത്തിയും ചെയ്യാതിരിക്കുക; അഭിപ്രായഭിന്നതകളെ, വികാരസംഘട്ടനത്തിനോ, സംശയത്തിനോ, അമർഷത്തിനോ ഇട കൊടുക്കാതിരിക്കുക; സംഭാഷണത്തിൽ മിതമായിരിക്കുക; പ്രതിഫലം ഇച്ഛിക്കാതെ ദാനം ചെയ്യുക; ആത്മപ്രശംസ ചെയ്യാതിരിക്കുക, പരുഷഭാഷണം വർജ്ജിക്കുക;

# മാതൃവന്ദനം

(കുറത്തി)

പി. കുഞ്ഞുരാമൻനായർ

ഭാരതമേ, ഭാരതമേ, ഭാരതമേ കൂപ്പാം
ഭാരതമേ, ലോകസുമ സൌരഭമേ കൂപ്പാം!
ഊക്കെഴുന്ന വൻകടലും നിൻകഴലു കൂപ്പി
മംഗളേ, നീ തുംഗശൈലപ്പൊൻകിരീടം ചൂടി
നാന്മറതൻ പൂമ്പുലരി കൺമിഴിച്ച നാടേ
ഉൺമതന്നുപനിഷത്തും കൺമിഴിച്ചനാടേ!
ഈർഷ്യയറ്റൊരാർഷസൂക്തവർഷഗാഥ പണ്ടേ
ഈടെഴുന്നൊരാരവങ്ങളായ്പ്പാടിനിന്നനാടേ!
പൂതമാം പ്രണവഭാവത്തെയെടുത്തുവെച്ച
ഗീതയൊന്നാൽ മാനുഷനെ യുദ്ധരിച്ചനാടേ
ചിന്മഹസ്സും ശിവമൃതും ശുദ്ധമധുവായ്ത്തൂകി
അന്യഭ്രമരത്തിനിന്നുമമ്മയായനാടേ,
ഭാരതമേ...... ... ... .... .......കൂപ്പാം
ഭാരതമേ, വീര ധീര താരകമേ കൂപ്പാം!
വീറെഴുന്ന വീരലക്ഷം വാളെടുത്തനാട്
ചീറിവന്ന പററലർക്കും മാപ്പുനൽകും നാട്
പൂക്കളൊത്ത മങ്കമാരും തത്സതീത്വം നേടാൻ
തീക്കടലിലൂളിയിട്ടു നീന്തിവന്ന നാട്
ഗീതയും ഖുറാനുമന്യവേദവും നിനയ്ക്കി-
ലേകദൈവഗാനമെന്നു കണ്ടുണർന്ന നാട്
ഉൾക്കമലത്തിങ്കലൂറും ചിൽക്കുഴമ്പുതൂകി
അഖിലമൈക്യഗാനം നെയ്തുവന്നനാട്
ദീനവും പാഴ്പ്പട്ടിണിയും മൃത്യുവും ഞെരിച്ചും
മാനമാം പൊൻതാലിമാത്രം കൈവിടാത്ത നാട്
പാരിനെന്നും പാവനപ്രകാശമായ് വിളങ്ങും
ചാരുവിശ്വസൂക്തമാല കോർത്തുചാർത്തും നാട്
പുണ്യനില കൈവരുവാൻ ഛിന്നഭിന്നമായ
ഭൂവലയമൊത്തുചേരും നൂതനയുഗത്തിൽ
ഭീതിദമീ രാഷ്ട്രഭ്രാന്ത ബാധയുമകററി—
ശ്രീതഴുകുമാത്മരൂപം നേരെയൊന്നുകാട്ടി
പാരിനാകെ ശിവമൃതാം പൂനിലാവും തൂകി
പ്ലാവനമാം പൂർണ്ണതയെപ്പൂകുക നീ തായേ!

---

വൈര നിര്യാതനബുദ്ധി അകറുക; മററുള്ളവരുടെ തെററുകൾ ക്ഷമിക്കുക; നിരാഡംബരമായി ജീവിക്കുക.

ഇതിലുൾപ്പെടാത്ത ഗുണങ്ങളിനിയും പലതും കണ്ടേക്കാം. എന്നാൽ നമ്മുടെ ഉപനിഷത്തുപ്രകാരം ഭാരതീയ സുജനശ്രേഷ്ഠന്നു വേണ്ട ഗുണങ്ങൾ എന്തെല്ലാമാണെന്നു നോക്കാം.

3. നശീതം ന ചോഷ്ണം ന സുഖം ന ദുഃഖം ന മാനാവമാനൌ ച ഷഡൂർമി വർജ്ജം.

ശീതോഷ്ണക്രമക്കേടുകൾകൊണ്ടുള്ള സുഖക്കേടുകളാണു നമുക്കധികവും വരുന്നതു് എന്നു പറയാതെ അറിയാമല്ലൊ. സ്വാഭാവികമായിട്ടു് ഈ ക്രമക്കേടുകൾ നമുക്കുണ്ടാകേണ്ടതല്ല. ശിശുക്കളായിരിക്കുമ്പോൾ നല്ല മഴയത്തും മഞ്ഞിലും നാം കളിച്ചു നടക്കാറില്ലേ? സുഖക്കേടു പിടിക്കാറുണ്ടോ? മാതാപിതാക്കന്മാരുടെ ശീലം അനുസരിച്ചു കുട്ടികളെ നിരോധിക്കുന്നുണ്ടായിരിക്കാം എന്നേയുള്ളു. നാം ശീലത്തിന്നു് അതായതു് ലോകസംഗ്രഹവൃത്തികൾക്കു കീഴടങ്ങിയില്ലായിരുന്നു എങ്കിൽ ശീതോഷ്ണാദികൾകൊണ്ടുള്ള സുഖദുഃഖങ്ങൾക്കു വഴിപ്പെട്ടിട്ടു കാര്യമില്ലായിരുന്നു. വിദ്വാനായിത്തീർന്നവനു് ഒളിഞ്ഞു കിടക്കുന്ന ഈ പരമാർത്ഥം വീണ്ടും ഗ്രഹിക്കുവാൻ ഇടയാകുന്നപക്ഷം അയാളുടെ സുഖദുഃഖങ്ങൾ എങ്ങനെയുള്ളവയാണെന്നു ബോധിക്കുവാൻ പ്രയാസമില്ല. വിദ്വൽ സന്യാസത്തിലെ ആദ്യത്തെ പാഠമാണിതു് ശേഷം വഴിയേ.

---


"ആശാൻ മെമ്മോറിയൽ"

**S. N. D. P. ക്ലബ്ബ്**

സഹകരിക്കുക! വിജ്ഞാനം കൈവരിക്കുക!! സംസ്കാരം വികസിപ്പിക്കുക!!!

സ്നേഹിതരെ,

പല്ലനയിൽ പള്ളികൊള്ളുന്ന ആ കവിസാർവ്വഭൌമന്റെ— സ്വാതന്ത്ര്യഗായകനായിരുന്ന ആ സമുദായ പരിഷ്കർത്താവിന്റെ —ആശയഗംഭീരനായിരുന്ന മഹാകവി എൻ. കുമാരനാശാൻ അവർകളുടെ നിത്യസ്മാരകമായി വൈക്കത്തു സ്ഥാപിച്ചു നടത്തിവരുന്ന "ആശാൻ മെമ്മോറിയൽ എസ് എൻ. ഡി. പി. ക്ലബ്ബി"ൽ അംഗങ്ങളായി ചേരുക. സഹകരിക്കുക! വിജ്ഞാനം കൈവരിക്കുക!! സംസ്കാരം വികസിപ്പിക്കുക!!!

അപേക്ഷിക്കേണ്ടും മേ. വി.

വൈക്കം,
26-6-120 സെക്രട്ടറി ബി. ആർ. വിജയരാഘവൻ


# വാർത്തകൾ

മദ്രാസ് ശ്രീ നാരായണമിഷന്റെ ബ്രാഞ്ചായി മദ്രാസ് സിററിയിൽ ചേർന്ന അമ്പത്തൂരിൽ ഒരു ബ്രഹ്മചര്യാശ്രമവും, ഒരു സേവാമന്ദിരവും, ധർമ്മവൈദ്യശാലയും, സന്യാസിമഠവും സ്ഥാപിക്കുന്നതിനു മിഷ്യന്റെ നിശ്ചയം അനുസരിച്ചു ജന: സെക്രട്ടറിയായ ശ്രീവിദ്യാനന്ദസ്വാമികൾ ശ്രമിച്ചുവരുന്നു. ശ്രീ സുന്ദരാനന്ദസ്വാമികളെ അമ്പത്തൂരിലെ കാര്യദർശിയായും തിരഞ്ഞെടുത്തു.

x x x

മദ്രാസ് ശ്രീ നാരായണമിഷ്യന്റെ ഇക്കഴിഞ്ഞ 15-ാമതു വാർഷികയോഗത്തിൽവച്ചു മഹാസമാധിയടഞ്ഞ ശ്രീ ശാന്തലിംഗസ്വാമികൾക്കു പകരം മിഷ്യന്റെ പ്രസിഡന്റായി ശ്രീ ശങ്കരാനന്ദസ്വാമികളെയും, ജഃ സെക്രട്ടറിയായി ശ്രീ വിദ്യാനന്ദസ്വാമികളെയും ആഡിററായി ശ്രീ സി. ജ്ഞാനവടിവേൽപിള്ളയേയും തിരഞ്ഞെടുത്തിരിക്കുന്നു.

x x x

ശ്രീനാരായണധർമ്മസംഘം പ്രസിഡന്റ് ശിവഗിരിമഠാധിപതിയുമായ ശ്രീമത് ശങ്കരാനന്ദസ്വാമികളും, ധർമ്മസംഘം കാര്യദർശി സ്വാമി ശ്രീനാരായണതീർത്ഥരവർകളും മദ്രാസ്, മാമ്പലം, ആലുവാ, കാളികുളങ്ങര മുതലായ സ്ഥലങ്ങളിലെ സർക്കീട്ടു കഴിഞ്ഞു ശിവഗിരിമഠത്തിൽ തിരിച്ചെത്തിയിരിക്കുന്നു.

(123-ാം പേജിന്റെ തുടർച്ച)

ന് ആത്മികജീവിതത്തെ ഭംഗിയായി വേർപെടുത്തുന്ന സമ്പ്രദായം ഇസ്ലാമിന് അപരിചിതമാണ്. ഇസ്ലാമികജീവിതമാകുന്ന കടയാത്ത പാലിൽ ഈ രണ്ടു ഘടകങ്ങളേയും വേർതിരിച്ചെടുക്കാൻ കഴിയാത്തവിധം ലയിപ്പിച്ചു ചേർത്തിരിക്കുകയാണ്. ആ വേർപാടു് ഇസ്ലാമിന്റെ മരണമാണ്. അതിനുള്ള ഔൽസുക്യം വളർത്തിയാൽ അധഃപതനത്തിന്റെ പാതയിലേക്കു് ആയിരിക്കും പ്രവേശിക്കുന്നതു്.

ഇന്നത്തെപ്പോലെ സൃഷ്ടിതാവും മനുഷ്യനുമായുള്ള ആത്മികബന്ധത്തെ നിർവ്വഹിക്കുന്നതിനോടൊപ്പം തന്നെ മനുഷ്യനും അവന്റെ പരിസരങ്ങളുമായുള്ള ഭൗതികബന്ധത്തേയും മതത്തിൽ കൂടി നിർവ്വഹിക്കുകയാണ് ഇസ്ലാം ചെയ്യുന്നതു്. മനുഷ്യജീവിതത്തിന്റെ അർത്ഥം വ്യക്തമാക്കുകയാണ് പ്രാർത്ഥനയുടെ ഉദ്ദേശ്യം. ഈ ജീവിതരംഗത്തു തന്നെ പരിപൂർണ്ണതയിലെത്തുവാൻ സാധിക്കുമെന്നു് ഇസ്ലാം ഘോഷിക്കുന്നു. അതു് മറെറാരു അവസരത്തിലേക്കു് മാററിവെക്കുന്നില്ല. ക്രിസ്തുമതത്തിലെപ്പോലെ ശാരീരികേച്ഛകൾ സംയമനം ചെയ്യുന്നതുവരെയോ, ഹിന്ദുമതത്തിലെപ്പോലെ ഉപര്യുപരി ഉൽകൃഷ്ടമായ പടികളിൽ കൂടിയുള്ള പുനർജ്ജന്മങ്ങൾ സാധിച്ചുകഴിയുന്നതുവരെയൊ, ബുദ്ധമതത്തിലെപ്പോലെ മാനസികവികാരങ്ങളെല്ലാം അടക്കി ലോകവുമായുള്ള ബന്ധം പരിത്യജിക്കുന്നതുവരെയൊ മനുഷ്യന്റെ മോക്ഷപ്രാപ്തി—അഥവാ ജീവിതപരിപൂർണ്ണത ഇസ്ലാം മാററിവയ്ക്കുന്നില്ലെന്നുള്ളതാണ് അതിന്റെ ഒരു പ്രത്യേകത. മനുഷ്യന്റെ വ്യക്തിത്വത്തെ ദൈവത്തിൽ ലയിപ്പിച്ചു് മോക്ഷം അടയാനല്ല, ദൈവത്തെ സ്വവ്യക്തിത്വത്തിൽ ലയിപ്പിച്ചു് പരിപൂർണ്ണനാകാനാണ് ഇസ്ലാം പഠിപ്പിക്കുന്നതു്. ജന്മസിദ്ധമായ മനുഷ്യന്റെ വിവിധഗുണങ്ങൾ വികസിപ്പിക്കുന്നതിൽ നിന്നാണു് ഈ പൂർണ്ണതകരസ്ഥമാക്കേണ്ടതു്. അതിനുള്ള പ്രവർത്തനരംഗം ഈ ലോകമാണ്. അതേ സമയംതന്നെ പാശ്ചാത്യപരിഷ്കാരം ശ്രമിക്കുന്നതുപോലെ ഈ ലോകജീവിതത്തിന് ഇല്ലാത്ത ഒരു വില അതിനു് നൽകുവാൻ ഇസ്ലാം തയാറില്ല.

# ദിവ്യസമ്മേളനം

(കെ. ജി. സേതുനാഥ്.)

യോഗവും, ശാന്തിയും, മാനുഷാകാരമായ്
സ്വാഗതം ചെയ്യും മുഹൂർത്തകം മാതിരി,
ഉത്സവമാണോ, ശിവഗിരിക്കുന്ന ശ്രീ–
വത്സലൻ ഗാന്ധിജി വന്നതു മൂലമായ്.
മഞ്ഞയുടുത്തൊരാസന്ധ്യക്കു തെല്ലിട
കുഞ്ഞിളം ചന്ദ്രിക വെൺ ഖദർ ചാർത്തിനാൻ.
ചേക്കേറിടാതമ്മര ക്കൊമ്പിലുമേൽ
ചേൽക്കണ്ണി മാരാം പറവകൾ പാടിനാർ.
വക്കല ക്കാട്ടിലെ പ്പൂങ്കളിവസ്തുത
ഒക്കാ, തുറങ്ങാ, നിതളക്കൂട്ടമൊപ്പാഴെ
കിക്കിളിയിട്ടിട്ടുണ ത്തിപ്പരിമള–
മൊക്കെ ക്കവർന്നുകൊണ്ടെത്തിനാൻ മാരുതൻ
പൂജ്യരായെങ്ങും പുകഴ്പെററിടുന്നവർ
രാജ്യകാര്യസ്ഥർ, മതസ്ഥർ, മററിങ്ങിനെ;
മഞ്ഞയും വെള്ളയും കൊണ്ടാ ശിവഗിരി
മഞ്ജുവായ് ത്തീർന്നിതേ മാധവം മാതിരി!
എന്തൊരുത്സാഹമാ,ണെന്തൊരുന്മേഷമാ
ണെന്തൊരുന്മാദൈക സന്ധ്യാവിലാസകം.
ശാന്തിയാ,ണെങ്ങും, ചമല്കാര സൗഭഗ–
മേന്തിപ്പുരക്കും പ്രശാന്തിയാണെങ്ങുമെ!
സംബോധനയും, കുശലവും തീർത്തവർ
സംഭാഷണത്തിലേയ്ക്കാഞ്ഞിറങ്ങീടവെ
ആമോദ വാരങ്ങൾ തങ്ങളിൽ തങ്ങളി–
ലായിരം പുഞ്ചിരി പൂക്കളുതിർക്കവെ,
പ്രത്യൂഷ:സന്ധ്യയു, മന്തിയം മർത്ത്യരായ്
പ്രത്യക്ഷ മാർന്നങ്ങിരിപ്പതായ്ക്കാണ്മൂ, ഞാൻ!
കർമ്മവും, സിദ്ധിയും കൈ കോർത്തിരിക്കുമാ
സന്മുഹൂർത്തത്തെ സമീക്ഷിച്ചു നില്ക്കവേ,
ആത്മാവു് കോർത്തിരിക്കും പ്രകാരമാ–
യാശിസ്സു കോരിച്ചൊരിഞ്ഞിതെല്ലാരിലും.
വെൽക നാരായണശ്രീമത് പ്രഭാവമേ!
വെൽക മഹാത്മജിതൻ നിത്യസത്യമെ!!

**മദനൻ** അതിയായ ക്ഷീണം, ഉത്സാഹക്കുറവു, ഓർമ്മശക്തി ഇല്ലായ്മ, ഉറക്കക്കുറവു്, ഇന്ദ്രിയസ്ഖലനം മുതലായവയെ ഇല്ലാതാക്കി യുവത്വവും ആരോഗ്യവും സൌന്ദര്യവും നിലനിർത്തി ജീവിതത്തെ ആനന്ദസമ്പൂർണ്ണമാക്കുന്നു. 6 വയസ്സിനു മേലുള്ള സ്ത്രീ പുരുഷന്മാർക്കു ഉപയോഗിക്കാം വിശേഷപഥ്യങ്ങൾ ഇല്ല.
60 ഗുളിക അടങ്ങിയ ഡപ്പി ഒന്നുക്കു് 2 ക. മാത്രം
ക്ഷയം, ഭ്രാന്തു, അപസ്മാരം കാസം മുതലായവയ്ക്കു് പ്രത്യേകം ചികിത്സ ചെയ്യുന്നതാണ്
**ശ്രീമദ് രാമാനന്ദസ്വാമികൾ**
**സിദ്ധവൈദ്യാശ്രമം**
ബ്രാഞ്ച് ബാനർജി റോഡ്, എറണാകുളം
H. O. Trichur.

ബാഹ്യമായ വികാസത്തെയും പ്രായോഗികമായ ഉപയോഗത്തെയും പററിയല്ലാതെ പാശ്ചാത്യസംസ്കാരം മറെറാന്നിലും ശ്രദ്ധിക്കുന്നില്ല. ശാസ്ത്രീയമായ പുരോഗമനത്തിൽ വിശ്വാസ ആത്മികശക്തിയുടെ ആവശ്യമാണെന്നു ഇസ്ലാം വിധിക്കുന്നു. അതുകൊണ്ടു് ഇന്നത്തെ നിലയിൽ പാശ്ചാത്യസമ്പ്രദായങ്ങളെ അനുകരിക്കുവാൻ ഇസ്ലാമിനു് സാദ്ധ്യമല്ല. ഈ വിധത്തിൽ സൂക്ഷ്മപരിശോധന നടത്തുന്ന ഒരാൾക്കു് പൂർണ്ണമായ ഇസ്ലാമികസിദ്ധാന്തത്തിനു് പകരം മറെറാന്ന് സ്വീകരിക്കുവാൻ കഴികയില്ലെന്നു് കാണാം.

Reg. No. T 26 THE License No. 363/37

# NAVAJEEVAN

One Caste One Religion One God for Humanity

Sivagiri Varkala, 13th March: 1945

## ക്ഷയരോഗം

ജീവിക്കുവാൻ ആവശ്യമായ ശരീരാവയവങ്ങളെ കാർന്നു നശിപ്പിച്ചു കളഞ്ഞിട്ടില്ലെങ്കിൽ, പീനസം, ഏങ്ങൽ, കാസം തുടങ്ങിയ 11 ഉപദ്രവരോഗങ്ങളോടുകൂടിയതായാലും ശരി, ഞെക്കിക്കുരച്ചും, ഏങ്ങിവലിച്ചും ദുരന്തദുരിതം അനുഭവിക്കാതെ രക്ഷ നേടുവാൻ ഒരേ ഒരു മാർഗ്ഗമാണുള്ളത്. ഉടനേ

**കരിംകുരങ്ങ് രസായനം** സേവിക്കുവിൻ!

റാത്തൽ 1ന് 5 ക. മാത്രം. പാക്കിങ്ങും പോസ്റ്റേജും വേറെ.

സ്വതന്ത്രഫാർമസി

ചാലക്കുടി : കൊച്ചിൻ സ്റ്റേറ്റ്

ബ്രാഞ്ചുകൾ: 1. ആലപ്പുഴ, 2. കൊടകര

1945-ലെ മനോഹരമായ കലണ്ടർ ഇനാം!

സർക്കാർ അംഗീകൃത ആനന്ദപ്രദായിനി വൈദ്യശാല വക

## സിദ്ധൌഷധങ്ങൾ

### ക്ഷതാശിനിക്കുഴമ്പ്

ബാഹ്യലേപനം കൊണ്ട് പൂർണ്ണഫലം സിദ്ധിക്കുന്നതു് അടി, ഇടി, വീഴ്ച, ഭാരമെടുപ്പ്, ആദിയായവയാൽ ഉണ്ടാകുന്ന നാഡിപ്പിഴ, അസ്ഥി ഒടിവ് ചതവ്, മുറിവു ഇവകൾക്ക് സിദ്ധൌഷധം. എത്ര പഴക്കമുള്ളതിനേയും എളുപ്പം സുഖപ്പെടുത്തും.

കുപ്പി ഒന്നുക്കു വില രൂപാ ൧൬

### സ്തനരോഗവിദ്ധ്വംസിനി

മുലയിൽ ഉണ്ടാകുന്ന കുരുക്കൾ, വ്രണങ്ങൾ, ചുമപ്പ്, നീർവീഴ്ച, തടിപ്പ് മുലക്കണ്ണുവിള്ളൽ, പൊള്ളൽ ഗ്രന്ഥികം (Cancer) ഇവകൾക്കും മാസാമാസങ്ങളിൽ ഉണ്ടാകുന്ന മുലപ്പനിക്കും സിദ്ധൌഷധം. മൂലികാദ്യൌഷധങ്ങളാൽ മാത്രം തയ്യാർ ചെയ്തിട്ടുള്ളതും ഫലപ്രദവും ഹൃദ്യവുമായ ദിവ്യൌഷധം ഗുഹ്യരോഗങ്ങൾ, വായുപുണ്ണ്, കടൽ വ്രണങ്ങൾ ആദിയായവയെ മാററുന്നതിനുള്ള ശക്തിയും അതിശയനീയമാകുന്നു. ഗർഭിണികളിലും സൂതികകളിലും ഉപയോഗപ്രദമാണ്.

റാത്തൽ ൧ക്കു വില രൂപാ ൪.

N. B. ആയുർവേദവിധിപ്രകാരം തയാർ ചെയ്തിട്ടുള്ള സകല ഔഷധങ്ങളും മിതമായ വിലക്കു വില്പനക്കു തയ്യാർ.

കെ. എൻ. രാഘവപണിക്കർ,
വൈദ്യകലാനിധി പാമ്പുറം.
പാരിപ്പള്ളി P. O.

പാളയംകുന്നു A. O.

## കുഷ്ഠരോഗം

തിരാവ്യാധിയെന്നു തീർച്ചപ്പെടുത്തി വരുന്ന എത്ര പഴയ കുഷ്ഠരോഗവും, രക്തദൂഷ്യംമൂലമുള്ള സർവവിധത്വക്‌രോഗങ്ങളും ക്ലിപ്തകാലാവധിക്കകം പൂർണ്ണമായും ചികിത്സിച്ചു സുഖപ്പെടുത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്കു സ്റ്റാമ്പുസഹിതം എഴുതിചോദിക്കുക:—

പി. കെ. നാണുവൈദ്യൻ,
S. N. V. ആയുർവേദ ഫാർമസി, ചങ്ങനാശേരി.

Edited & Printed by Swami Sri Naraya..a Theerthar at the City Press, Trivandrum and Published at Sivagiri, Varkala, Travancore.